കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പരിയാരം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./
സി13/1887/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി:
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പരിയാരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./ സി13/1887/2024 തീയ്യതി:

കണ്ണൂർ ജില്ലയിലെ പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 09-10-2023 മുതൽ 07-12-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 29 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 17-12-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ജ്യോതിഷ് കുമാർ.സി.വി	ഡെപ്യൂട്ടി ഡയറക്ടർ	09-12-2024	17-12-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
09-12-2024	17-12-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.സിന്ധു.ടി.പി., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
2.മനോജ് കുമാർ. ടി. ജോർജ്ജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3.ലതീഷ് കുമാർ .കെ.കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ

4.പ്രമോദ്.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
5.അഭിഷേക്.കെ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.ടി.ഷീബ	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീ.എം.വി.ചന്ദ്രൻ	സെക്രട്ടറി	01-04-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.വിനോദ് കുമാർ.ടി	കൃഷി ഓഫീസർ	01-04-2023	15-06-2023
ശ്രീമതി.ഷിൽന മുകുന്ദൻ	കൃഷി ഓഫീസർ	16-06-2023	07-03-2024
ശ്രീമതി.ഹരിത.കെ.ടി	കൃഷി ഓഫീസർ(അധിക ചുമതല)	08-03-2024	31-03-2024
ശ്രീമതി.ലീന.പി.പി	ഹെഡ്മിസ്ട്രസ്	01-04-2023	31-03-2024
ശ്രീമതി.പ്രജിന.പി.വി	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2023	31-03-2024
ഡോ.സമീർ.കെ	വെറ്റിനറി സർജൻ	01-04-2023	31-03-2024
ഡോ.സീമ.ടി.കെ	മെഡിക്കൽ ഓഫീസർ,ആയുർവേദം	01-04-2023	11-08-2023
ഡോ.അജിത്ത് കുമാർ.കെ.ടി	മെഡിക്കൽ ഓഫീസർ,ആയുർവേദം	12-08-2023	22-09-2023
ഡോ.പ്രീത.പി.വി	മെഡിക്കൽ ഓഫീസർ,ആയുർവേദം	23-09-2023	16-02-2024
ഡോ.ബേബി ശാലിനി	മെഡിക്കൽ ഓഫീസർ,ആയുർവേദം	17-02-2024	26-03-2024
ശ്രീ.രൂപേഷ്.ടി	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	31-03-2024
ശ്രീ.ലിജു.വി.കെ	വി.ഇ.ഒ,കുറ്റ്യേരി	01-04-2023	31-03-2024
ശ്രീമതി.നളിനി.ടി	വി.ഇ.ഒ,പരിയാരം	01-04-2023	09-07-2023
ശ്രീ.ലിജു.വി.കെ	വി.ഇ.ഒ,പരിയാരം	10-07-2023	17-09-2023
ശ്രീമതി.സജിത ബാട്ടി	വി.ഇ.ഒ,പരിയാരം	18-09-2023	31-03-2024
ഡോ.രമ്യ.കെ.എൻ	മെഡിക്കൽ ഓഫീസർ,പി എച്ച് സി	01-04-2023	31-03-2024
ശ്രീ.രാജീവൻ.കെ.സി	അസിസ്റ്റന്റ് സെക്രട്ടറി	01-04-2023	29-02-2024

ശ്രീ.ബിജിത്ത്.പി.കെ	അസിസ്റ്റന്റ് സെക്രട്ടറി(ഹെഡ്ക്ലർക്ക് അധിക ചുമതല)	01-03-2024	31-03-2024

മെഡിക്കൽ ഓഫീസർ-ആയുർവേദം- 27.03.2024 മുതൽ 31.03.2024 വരെ ഒഴിവ്

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ് Written By: Sindhu T P (Audit Officer (HG) , On 12-12-2024) Last Updated By: Rajeevan Chellan (Office Superintendent , On 21-12-2024)	1-1
2	അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല. Written By: Sindhu T P (Audit Officer (HG) , On 12-12-2024) Last Updated By: Sindhu T P (Audit Officer (HG) , On 12-12-2024)	1-1-1
3	ക്യാഷ് ഫ്ലോ പത്രികയിലെ അപാകങ്ങൾ Written By: Sindhu T P (Audit Officer (HG) , On 12-12-2024) Last Updated By: Sindhu T P (Audit Officer (HG) , On 12-12-2024)	1-1-2
4	ആസ്തി മൂല്യം, ഡിപ്രീസിയേഷൻ -കണക്കുകൾ ആധികാരികമല്ല Written By: Sindhu T P (Audit Officer (HG) , On 12-12-2024) Last Updated By: Rajeevan Chellan (Office Superintendent , On 21-12-2024)	1-1-3
5	അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല Written By: Sindhu T P (Audit Officer (HG) , On 15-12-2024) Last Updated By: Sindhu T P (Audit Officer (HG) , On 15-12-2024)	1-1-4
6	ഗ്രാന്റിനങ്ങളിലെ ബാധ്യത കുറവു ചെയ്തിട്ടില്ല Written By: Sindhu T P (Audit Officer (HG) , On 15-12-2024) Last Updated By: Rajeevan Chellan (Office Superintendent , On 21-12-2024)	1-1-5
7	കാപ്പിറ്റൽ കോൺട്രിബ്യൂഷൻ Written By: Sindhu T P (Audit Officer (HG) , On 16-12-2024) Last Updated By: Rajeevan Chellan (Office Superintendent , On 21-12-2024)	1-1-6
8	എക്സസ് ഓഫ് ഇൻകം ഓവർ എക്സ്പെന്റിച്ചർ Written By: Sindhu T P (Audit Officer (HG) , On 16-12-2024) Last Updated By: Rajeevan Chellan (Office Superintendent , On 21-12-2024)	1-1-7
9	റവന്യൂ വരവുകൾ- യഥാസമയം ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല Written By: Sindhu T P (Audit Officer (HG) , On 16-12-2024) Last Updated By: Sindhu T P (Audit Officer (HG) , On 16-12-2024)	1-1-8
10	സ്റ്റെയിൽ ചെക്ക്- കാലഹരണപ്പെട്ട തുക തനതു ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല Written By: Sindhu T P (Audit Officer (HG) , On 17-12-2024) Last Updated By: Rajeevan Chellan (Office Superintendent , On 21-12-2024)	1-1-9
11	പ്രയർ പിരിയഡ് ഇനങ്ങൾ- ജേണൽ എൻട്രികളെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല Written By: Sindhu T P (Audit Officer (HG) , On 17-12-2024) Last Updated By: Rajeevan Chellan (Office Superintendent , On 21-12-2024)	1-1-10
12	B-4 ഷെഡ്യൂളിലെ ഗ്രാന്റ് നീക്കിയിരിപ്പുകൾ B-17 ഷെഡ്യൂളിൽ ഏത് അക്കൗണ്ടിലാണെന്ന് വ്യക്തമല്ല Written By: Sindhu T P (Audit Officer (HG) , On 16-12-2024) Last Updated By: Rajeevan Chellan (Office Superintendent , On 21-12-2024)	1-1-11
13	ഇ പി ഒ സി ക്ലിയറൻസ്- തുക യഥാർത്ഥ ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടില്ല Written By: Sindhu T P (Audit Officer (HG) , On 16-12-2024) Last Updated By: Rajeevan Chellan (Office Superintendent , On 21-12-2024)	1-1-12
14	സെക്വയേർഡ് ലോൺ-കണക്കുകൾ പൊരുത്തപ്പെടുന്നില്ല Written By: Sindhu T P (Audit Officer (HG) , On 16-12-2024) Last Updated By: Rajeevan Chellan (Office Superintendent , On 21-12-2024)	1-1-13
15	അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള കണക്കുകളും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കണക്കുകളും പൊരുത്തപ്പെടുന്നില്ല Written By: Sindhu T P (Audit Officer (HG) , On 17-12-2024) Last Updated By: Rajeevan Chellan (Office Superintendent , On 21-12-2024)	1-1-14
16	മുൻകൂർ തുക യഥാസമയം ക്രമീകരിച്ചിട്ടില്ല Written By: Sindhu T P (Audit Officer (HG) , On 17-12-2024) Last Updated By: Rajeevan Chellan (Office Superintendent , On 21-12-2024)	1-1-15

17	രജിസ്റ്റർ സൂക്ഷിപ്പ് Written By: Sindhu T P (Audit Officer (HG) , On 17-12-2024) Last Updated By: Rajeevan Chellan (Office Superintendent , On 21-12-2024)	1-1-16
18	ബജറ്റ് Written By: Sindhu T P (Audit Officer (HG) , On 14-12-2024) Last Updated By: Rajeevan Chellan (Office Superintendent , On 21-12-2024)	1-2
19	സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) Written By: Sindhu T P (Audit Officer (HG) , On 12-12-2024) Last Updated By: Rajeevan Chellan (Office Superintendent , On 21-12-2024)	1-3
20	ഫണ്ട് വിനിയോഗം Written By: Sindhu T P (Audit Officer (HG) , On 14-12-2024) Last Updated By: Rajeevan Chellan (Office Superintendent , On 21-12-2024)	1-4
21	പദ്ധതി അവലോകനം Written By: Sindhu T P (Audit Officer (HG) , On 15-12-2024) Last Updated By: Rajeevan Chellan (Office Superintendent , On 21-12-2024)	1-5
22	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി Written By: Sindhu T P (Audit Officer (HG) , On 15-12-2024) Last Updated By: Rajeevan Chellan (Office Superintendent , On 21-12-2024)	1-6
23	ക്ഷേമപദ്ധതികൾ Written By: Sindhu T P (Audit Officer (HG) , On 15-12-2024) Last Updated By: Sindhu T P (Audit Officer (HG) , On 15-12-2024)	1-7
24	ക്യാഷ് പരിശോധന Written By: Sindhu T P (Audit Officer (HG) , On 11-12-2024) Last Updated By: Rajeevan Chellan (Office Superintendent , On 21-12-2024)	1-8
25	ആഭ്യന്തര നിയന്ത്രണം Written By: Sindhu T P (Audit Officer (HG) , On 17-12-2024) Last Updated By: Rajeevan Chellan (Office Superintendent , On 21-12-2024)	1-9
26	ഗ്രാമസഭ Written By: Sindhu T P (Audit Officer (HG) , On 15-12-2024) Last Updated By: Rajeevan Chellan (Office Superintendent , On 21-12-2024)	1-10
27	വസ്തു നികുതി പരിഷ്കരണ നടപടി ക്രമങ്ങൾ പൂർത്തീകരിക്കുവാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. Written By: Pramod K (Auditor , On 17-12-2024) Last Updated By: Rajeevan Chellan (Office Superintendent , On 21-12-2024)	1-11
28	സ്വിമ്മിങ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ എന്നിവയുടെ വസ്തുനികുതി ഈടാക്കുന്നത് സംബന്ധിച്ച് Written By: Pramod K (Auditor , On 18-12-2024) Last Updated By: Rajeevan Chellan (Office Superintendent , On 21-12-2024)	1-12
29	തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലെയും ചുമത്തുന്നതിലെയും അപാകങ്ങൾ. Written By: Abhishek K (Auditor , On 16-12-2024) Last Updated By: Rajeevan Chellan (Office Superintendent , On 23-12-2024)	1-13
30	പെർമ്മിറ്റ് നൽകിയതിലെ അപാകതകൾ Written By: Abhishek K (Auditor , On 16-12-2024) Last Updated By: Rajeevan Chellan (Office Superintendent , On 23-12-2024)	1-14
31	ലൈസൻസ് ഫീസ് ഈടാക്കിയതിലെ അപാകത-5700 രൂപയുടെ വരവു നഷ്ടം Written By: Abhishek K (Auditor , On 16-12-2024) Last Updated By: Rajeevan Chellan (Office Superintendent , On 23-12-2024)	1-15
32	വാടക ബൈലോയ്ക്ക് അംഗീകാരം ലഭിച്ചിട്ടില്ല Written By: Abhishek K (Auditor , On 16-12-2024) Last Updated By: Rajeevan Chellan (Office Superintendent , On 21-12-2024)	1-16
33	രജിസ്ട്രേഷൻ പുതുക്കാത്ത പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു Written By: Abhishek K (Auditor , On 16-12-2024) Last Updated By: Rajeevan Chellan (Office Superintendent , On 21-12-2024)	1-17
34	ലൈഫ് സ്റ്റോക്ക് ഫാം ലൈസൻസ് എടുക്കാത്ത ഫാമുകൾ പ്രവർത്തിക്കുന്നു Written By: Abhishek K (Auditor , On 16-12-2024) Last Updated By: Rajeevan Chellan (Office Superintendent , On 21-12-2024)	1-18
35	ഗ്രാമ പഞ്ചായത്ത് മീറ്റിങ്ങ് ഹാൾ നവീകരണം - അപാകങ്ങൾ - 112270 രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല, 173044 രൂപയുടെ	1-19

	ചെലവ് തടസപ്പെടുത്തുന്നു. Written By: Latheesh Kumar (Senior Grade Auditor , On 17-12-2024) Last Updated By: Rajeevan Chellan (Office Superintendent , On 21-12-2024)	
36	ഐകെഎം വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിട്ടില്ല ₹109271 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. Written By: Latheesh Kumar (Senior Grade Auditor , On 16-12-2024) Last Updated By: Rajeevan Chellan (Office Superintendent , On 21-12-2024)	1-20
37	ആനിമൽ ബർത്ത് കംട്രോൾ പദ്ധതി എ ബിസി പ്രോഗ്രാം വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല ₹50000 ചെലവ് തടസ്സപ്പെടുത്തുന്നു. Written By: Latheesh Kumar (Senior Grade Auditor , On 16-12-2024) Last Updated By: Rajeevan Chellan (Office Superintendent , On 21-12-2024)	1-21
38	തെരുവ് വിളക്ക് പരിപാലനം പദ്ധതി അപാകതകൾ ₹220000 ചെലവ് തടസ്സപ്പെടുത്തുന്നു. Written By: Latheesh Kumar (Senior Grade Auditor , On 17-12-2024) Last Updated By: Rajeevan Chellan (Office Superintendent , On 23-12-2024)	1-22
39	ലൈഫ് ഭവന പദ്ധതി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. Written By: Pramod K (Auditor , On 17-12-2024) Last Updated By: Rajeevan Chellan (Office Superintendent , On 23-12-2024)	1-23
40	കണ്ണൂർ ഫൈറ്റ് ക്യാൻസർ- പ്രോജക്ട് ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചിച്ചില്ല. Written By: Pramod K (Auditor , On 17-12-2024) Last Updated By: Rajeevan Chellan (Office Superintendent , On 23-12-2024)	1-24
41	ജീവിതമാണ് ലഹരി ലഹരിയല്ല ജീവിതം-നിർവ്വഹണത്തിലെ അപാകങ്ങൾ - 44500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. Written By: Pramod K (Auditor , On 17-12-2024) Last Updated By: Rajeevan Chellan (Office Superintendent , On 23-12-2024)	1-25
42	സബ്സെന്ററുകൾക്ക് ലാപ് ടോപ്-രേഖകൾ ഹാജരാക്കിയില്ല - 144828 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. Written By: Pramod K (Auditor , On 17-12-2024) Last Updated By: Rajeevan Chellan (Office Superintendent , On 23-12-2024)	1-26
43	പി.എച്ച്.സി.യിലെ താത്കാലിക ജീവനക്കാർക്ക് വേതനം നൽകൽ - രേഖകൾ ഹാജരാക്കിയിട്ടില്ല 663730 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. Written By: Pramod K (Auditor , On 17-12-2024) Last Updated By: Rajeevan Chellan (Office Superintendent , On 23-12-2024)	1-27
44	എൻ.എച്ച്.എം ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നുകളും ലഭ്യമായില്ല - 240585 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. Written By: Pramod K (Auditor , On 17-12-2024) Last Updated By: Rajeevan Chellan (Office Superintendent , On 23-12-2024)	1-28
45	ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഒരുക്കൽ-ടെണ്ടർ നടപടി ക്രമങ്ങളുടെ സുതാര്യത ഉറപ്പുവരുത്തേണ്ടതാണ്. Written By: Pramod K (Auditor , On 17-12-2024) Last Updated By: Rajeevan Chellan (Office Superintendent , On 23-12-2024)	1-29
46	പരിയാരം പി.എച്ച്.സി.യിലും,സബ് സെന്ററുകളിലും ഹെൽത്ത് ആന്റ് വെൽനസ്സ് സൗകര്യങ്ങൾ ഒരുക്കൽ-76822രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. Written By: Pramod K (Auditor , On 17-12-2024) Last Updated By: Rajeevan Chellan (Office Superintendent , On 23-12-2024)	1-30
47	പെയിൻ ആന്റ് പാലിയേറ്റീവ് -പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും ഹാജരാക്കിയിട്ടില്ല - 19990 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. Written By: Pramod K (Auditor , On 18-12-2024) Last Updated By: Rajeevan Chellan (Office Superintendent , On 23-12-2024)	1-31
48	തുമ്പൂർമൊഴി ഏറോബിക് കംപോസ്റ്റ് യൂണിറ്റ് - പ്രവർത്തനം ആരംഭിച്ചിട്ടില്ല	1-32

	Written By: Manoj Kumar.T.George (Asst. Audit Officer , On 17-12-2024) Last Updated By: Rajeevan Chellan (Office Superintendent , On 23-12-2024)	
49	കുട്ടികൾക്ക് നീന്തൽ പരിശീലനം - നിർവ്വഹണത്തിലെ അപാകങ്ങൾ Written By: Abhishek K (Auditor , On 16-12-2024) Last Updated By: Rajeevan Chellan (Office Superintendent , On 23-12-2024)	1-33
50	സകർമ്മ മീറ്റിംഗ് മിനുട്സ് അംഗീകരിക്കാൻ കാലതാമസം വരുന്നു Written By: Sindhu T P (Audit Officer (HG) , On 18-12-2024) Last Updated By: Rajeevan Chellan (Office Superintendent , On 23-12-2024)	1-34
51	റിവോൾവിംഗ് ഫണ്ട്- തുടർ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടില്ല Written By: Sindhu T P (Audit Officer (HG) , On 19-12-2024) Last Updated By: Rajeevan Chellan (Office Superintendent , On 23-12-2024)	1-35
52	ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ -പരിയാരം ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ Written By: Sindhu T P (Audit Officer (HG) , On 15-12-2024) Last Updated By: Rajeevan Chellan (Office Superintendent , On 23-12-2024)	1-36
ഭാഗം 2		
1	ലൈസൻസ് ഫീസ് ഈടാക്കിയതിലെ അപാകത - 5700 രൂപയുടെ വരവു നഷ്ടം Written By: Sindhu T P (Audit Officer (HG) , On 18-12-2024) Last Updated By: Rajeevan Chellan (Office Superintendent , On 23-12-2024)	2-1
ഭാഗം 3		
1	ഗ്രാമ പഞ്ചായത്ത് മീറ്റിങ്ങ് ഹാൾ നവീകരണം- അപാകങ്ങൾ - 112270 രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല Written By: Sindhu T P (Audit Officer (HG) , On 18-12-2024) Last Updated By: Rajeevan Chellan (Office Superintendent , On 23-12-2024)	3-1
ഭാഗം 4		
1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം Written By: Sindhu T P (Audit Officer (HG) , On 12-12-2024) Last Updated By: Rajeevan Chellan (Office Superintendent , On 23-12-2024)	4-1
2	സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം Written By: Sindhu T P (Audit Officer (HG) , On 12-12-2024) Last Updated By: Rajeevan Chellan (Office Superintendent , On 23-12-2024)	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ Written By: Sindhu T P (Audit Officer (HG) , On 15-12-2024) Last Updated By: Sindhu T P (Audit Officer (HG) , On 15-12-2024)	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ Written By: Sindhu T P (Audit Officer (HG) , On 12-12-2024) Last Updated By: Sindhu T P (Audit Officer (HG) , On 12-12-2024)	4-4
5	വായ്പ/വായ്പാ തിരിച്ചടവ് Written By: Sindhu T P (Audit Officer (HG) , On 17-12-2024) Last Updated By: Rajeevan Chellan (Office Superintendent , On 23-12-2024)	4-5
6	സ്ഥിര നിക്ഷേപം Written By: Sindhu T P (Audit Officer (HG) , On 12-12-2024) Last Updated By: Rajeevan Chellan (Office Superintendent , On 23-12-2024)	4-6
7	ഓഡിറ്റ് റിക്കവറി Written By: Sindhu T P (Audit Officer (HG) , On 17-12-2024) Last Updated By: Rajeevan Chellan (Office Superintendent , On 23-12-2024)	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് Written By: Sindhu T P (Audit Officer (HG) , On 12-12-2024) Last Updated By: Rajeevan Chellan (Office Superintendent , On 23-12-2024)	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം Written By: Sindhu T P (Audit Officer (HG) , On 12-12-2024) Last Updated By: Rajeevan Chellan (Office Superintendent , On 23-12-2024)	4-9
10	ഓഡിറ്റ് പ്രത്യവലോകനം Written By: Sindhu T P (Audit Officer (HG) , On 17-12-2024) Last Updated By: Rajeevan Chellan (Office Superintendent , On 23-12-2024)	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ Written By: Sindhu T P (Audit Officer (HG) , On 12-12-2024) Last Updated By: Rajeevan Chellan (Office Superintendent , On 23-12-2024)	4-11

അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം
3	ധനകാര്യ പത്രികകൾ

ഭാഗം –1

പൊതു അവലോകനം

1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരളാ പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരവും കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ – 2011, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്രഗവൺമെന്റ്, ധനകാര്യ കമ്മിഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10.07.2024 തീയതിയിലെ 168/2024 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളതും അനുബന്ധ ഫോറങ്ങൾ സഹിതം 19.07.2024 തീയതിയിൽ സമർപ്പിച്ചിട്ടുള്ളതുമായ പരിയാരം ഗ്രാമപഞ്ചായത്തിന്റെ 31.03.2024 തീയതിയിൽ അവസാനിച്ച സാമ്പത്തിക വർഷത്തിലെ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii)സി &എ.ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും സി & എ ജി നല്കിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപന ങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നല്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii)എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും , അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നല്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെ കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നല്കുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

കണ്ണൂർ,
തീയതി :

1–1–1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 62 എഫ് പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ട അടിസ്ഥാന അനുപാതങ്ങൾ, റൂൾ 62 ഇ പ്രകാരമുള്ള പ്രധാന അക്കൗണ്ട് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

1–1–2 ക്യാഷ് ഫ്ലോ പത്രികയിലെ അപാകങ്ങൾ

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-)₹3027048 യാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹31121494 യാണ്.

അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതായിരുന്നു. കൂടാതെ ക്യാഷ് ഫ്ലോ പത്രികയിൽ ഓരോ ഹെഡിലേയും ആകെ തുകയായി രേഖപ്പെടുത്തിയിരിക്കുന്ന തുക യഥാർത്ഥത്തിൽ വരേണ്ട തുകയുടെ ഇരട്ടി വീതമാണ് വന്നിട്ടുള്ളത്.

1-1-3 ആസ്തി മൂല്യം, ഡിപ്രീസിയേഷൻ -കണക്കുകൾ ആധികാരികമല്ല

ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ആസ്തി രജിസ്റ്റർ പൂർണ്ണമല്ല. സചിത്ര സോഫ്റ്റ്വെയർ മുഖേന ഓരോ വർഷവും പുതുതായി സൃഷ്ടിക്കപ്പെടുന്നതും മൂല്യവർധനവ് വരുത്തുന്നതുമായ ആസ്തിയുടെ മൂല്യം ഉൾപ്പെടുത്തി കാലികമാക്കേണ്ടതായിരുന്നു വെങ്കിലും വർഷങ്ങളായി അപ്ഡേഷൻ നടത്താത്ത നിലയിലാണ് ആസ്തി രജിസ്റ്റർ ഉള്ളത്. വാർഷിക ധനകാര്യ പത്രികയിൽ ആസ്തിമൂല്യം രേഖപ്പെടുത്തേണ്ടത് പ്രസ്തുത രജിസ്റ്റർ അടിസ്ഥാനമാക്കിയായിരിക്കണം എന്നതിനാൽ രേഖപ്പെടുത്തിയ തുകയുടെ ആധികാരികത ഉറപ്പു വരുത്താൻ കഴിയുന്നില്ല. കൃത്യതയില്ലാത്ത ആസ്തിമൂല്യത്തെ അടിസ്ഥാനമാക്കി തയ്യാറാക്കുന്ന ഡിപ്രീസിയേഷൻ കണക്കുകളും കൃത്യമാകാൻ സാധ്യതയില്ല.

1-1-4 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭിച്ച തുകയുടെ വിനിയോഗം നിരീക്ഷിക്കുന്നതിന് എ സി ആർ സൂക്ഷിച്ചിട്ടില്ല. അതുകൊണ്ടുതന്നെ പ്രസ്തുത കണക്കുകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

1-1-5 ഗ്രാന്റിനങ്ങളിലെ ബാധ്യത കുറവു ചെയ്തിട്ടില്ല

ഗ്രാമ പഞ്ചായത്തിന് 2023-24 സാമ്പത്തിക വർഷം കണ്ണൂർ കോർപ്പറേഷനിൽ നിന്നും നഗരസഞ്ചയ ഗ്രാന്റിനത്തിൽ താഴെ പറയും പ്രകാരമുള്ള തുക ലഭിച്ചിട്ടുണ്ട്.

1. മേനച്ചൂർ കുളം നവീകരണം (പ്രോജക്ട് നമ്പർ 221/24) ₹24,30,883
2. ബെയ്ലിംഗ് മെഷീൻ സ്ഥാപിക്കൽ (പ്രോജക്ട് നമ്പർ 178/24) ₹438960

2869843 രൂപ ചെലവഴിച്ചിട്ടുണ്ടെന്നാണ് സുലേഖ ചെലവു പത്രികയിൽ നിന്നും വ്യക്തമാകുന്നത്. എന്നാൽ B-4 ഷെഡ്യൂളിൽ മുഴുവൻ തുകയും ലയബിലിറ്റിയായി തുടരുന്നതായാണ് രേഖപ്പെടുത്തിയത്. കൂടാതെ മുൻവർഷങ്ങളിൽ ലഭിച്ച തുകയിൽ 992485 രൂപ സിസിടിവി സ്ഥാപിക്കുന്നതിനായി ചെലവഴിച്ചിട്ടുണ്ടെങ്കിലും (പ്രോജക്ട് നമ്പർ 181/24) പ്രസ്തുത തുകയും B-4 ഷെഡ്യൂളിൽ ബാധ്യതയായി തുടരുന്നു. യഥാസമയം കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ആയി മാറ്റി ലയബിലിറ്റി കുറവു ചെയ്യാത്തതിനാലാണ് നീക്കിയിരിപ്പില്ലാത്ത തുക (B-17 ഷെഡ്യൂൾ) നീക്കിയിരിപ്പുള്ളതായി B-4 ഷെഡ്യൂളിൽ വരാൻ കാരണമാകുന്നത്. അപാകം പരിഹരിക്കേണ്ടതാണ്.

1-1-6 കാപിറ്റൽ കോൺട്രിബ്യൂഷൻ

മുൻവർഷത്തെ തുക തന്നെയാണ് B-3 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2023-24 സാമ്പത്തിക വർഷത്തെ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല.

1-1-7 എക്സസ് ഓഫ് ഇൻകം ഓവർ എക്സ്പെന്റിച്ചർ

പ്രയർ പിരിയഡ് ഇൻകം (I-19) 1133291രൂപയും പ്രയർ പിരിയഡ് എക്സ്പെൻസസ് (-)983718 രൂപയും ആണ്.

(ഐ19) - (I-18) ആയി വരേണ്ടത് 21,17,009 രൂപ ആണെങ്കിലും ഇൻകം & എക്സ് പെന്റിച്ചർ സ്റ്റേറ്റ് മെന്റിൽ രേഖപ്പെടുത്തിയത് (-)149573 എന്നാണ്. ബാലൻസ് ഷീറ്റിൽ യഥാർത്ഥ തുക തന്നെ ഉൾപ്പെടുത്തിയാണ് കണക്കുകൾ തയ്യാറാക്കിയത് എന്നതിനാൽ അപാകം ബാലൻസ് ഷീറ്റിനെ ബാധിക്കുന്നില്ല.

1-1-8 റവന്യൂ വരവുകൾ- യഥാസമയം ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

വിവിധ റവന്യൂ വരവിനങ്ങളുമായി ബന്ധപ്പെട്ട ഡിമാന്റ് എൻട്രികൾ സാമ്പത്തിക വർഷാവസാനം മാത്രമാണ് നടത്തിയിട്ടുള്ളത്. ഉദാഹരണം -വസ്തു നികുതി.

1-1-9 സ്റ്റെയിൽ ചെക്ക്- കാലഹരണപ്പെട്ട തുക തനതു ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല

B-9 ഷെഡ്യൂളിൽ Liability In Respect Of Stale Cheques എന്ന ശീർഷകത്തിൽ രേഖപ്പെടുത്തിയ 19057 രൂപയുടെ വിശദാംശങ്ങൾ പരിശോധിച്ച് കാലഹരണപ്പെട്ട തുക അതത് ഫണ്ടിലേക്ക് മുതൽക്കൂട്ടി വിവരം അറിയിക്കേണ്ടതാണ്. അദർ ക്രെഡിറ്റേഴ്സ് ഇനത്തിൽ രേഖപ്പെടുത്തിയ 10004 രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

1-1-10 പ്രയർ പിരിയഡ് ഇനങ്ങൾ- ജേണൽ എൻട്രികളെ സാധൂകരിക്കുന്ന രേഖകൾ

ഹാജരാക്കിയിട്ടില്ല

പ്രയർപിരിയഡ് ഇൻകം ആയി I-19 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ 11,33,291 രൂപയും പ്രയർ പിരിയഡ് എക്സ്പെൻസസ് ആയി I-18 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ (-)983718 രൂപയും ക്രമീകരിച്ചതുമായി ബന്ധപ്പെട്ട യഥാർത്ഥ രേഖകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

1-1-11 B-4 ഷെഡ്യൂളിലെ ഗ്രാന്റ് നീക്കിയിരിപ്പുകൾ B-17 ഷെഡ്യൂളിൽ ഏത് അക്കൗണ്ടിലാണെന്ന് വ്യക്തമല്ല

B-4 ഷെഡ്യൂളിലെ താഴെ പറയുന്ന ഹെഡുകളിൽ രേഖപ്പെടുത്തിയ തുകകൾ ഏതൊക്കെ ബാങ്ക്/ട്രഷറി അക്കൗണ്ടുകളിലാണ് സൂക്ഷിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കിയിട്ടില്ല. B-4 , B-17 ഷെഡ്യൂളുകളിലെ കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

ക്രമ നമ്പർ	ഇനം	B-4 പ്രകാരമുള്ള നീക്കിയിരിപ്പ്	റിമാർക്സ്
1	നാഷണൽ റൂറൽ ഹെൽത്ത് മിഷൻ	536305	വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല
2	റൂറൽ ഹൗസിംഗ്	1496495	വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല
3	എസ് എസ് എ	119639	വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല
4	വിമുക്തി	25656	വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല
5	ഐ സി ഡി എസ് കേന്ദ്രവിഹിതം	1558048	അങ്കണവാടി പോഷകാഹാര വിതരണ പദ്ധതി
6	ശുചിത്വമിഷൻ	451297	വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല
7	മുനിസിപ്പൽ കോർപ്പറേഷൻ	670870	വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല
8	മുനിസിപ്പാലിറ്റി	992485	സിസിടിവി സ്ഥാപിക്കുന്നതിനായി വിനിയോഗിച്ചു
9	മുനിസിപ്പൽ കോർപ്പറേഷൻ	2869843	ബെയ്ലിംഗ് മെഷീൻ സ്ഥാപിക്കുന്നതിനായി 439455 രൂപയും മേനച്ചൂർകുളം നവീകരണ ത്തിനായി 2430388 രൂപയും വിനിയോഗിച്ചു. നീക്കിയിരിപ്പില്ല
10	ബ്ലോക്ക്പഞ്ചായത്ത്-കാപ്പിറ്റൽ	2126503	വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല
11	ബ്ലോക്ക്പഞ്ചായത്ത് - റവന്യൂ	372848	വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല
12	ജില്ലാ പഞ്ചായത്ത് - കാപ്പിറ്റൽ	700000	വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല
13	ജില്ലാ പഞ്ചായത്ത് - റവന്യൂ	32817	വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല
14	ബ്ലോക്ക് പഞ്ചായത്ത്-പ്രത്യേകോദ്ദേശ്യം	210256	വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

ഗ്രാന്റ് വിനിയോഗം നിരീക്ഷിക്കുന്നതിനായി അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. അതുകൊണ്ടു തന്നെ ചെലവഴിച്ച തുകകളും B-4 ഷെഡ്യൂളിൽ നീക്കിയിരിപ്പായി തുടരുന്നത് നിരീക്ഷിക്കാൻ കഴിയാത്ത

അവസ്ഥയാണുള്ളത്. (ഉദാഹരണമായി ക്രമനമ്പർ 8,9 ൽ വന്ന തുക ഓഡിറ്റ് വർഷം വിനിയോഗിച്ചതാണെങ്കിലും നീക്കിയിരിപ്പായി തുടരുന്നു.)

1-1-12 ഇ പി ഒ സി ക്ലിയറൻസ്- തുക യഥാർത്ഥ ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടില്ല

B-4 ഷെഡ്യൂളിൽ അദർ ലയബിലിറ്റീസ് ഹെഡിൽ രേഖപ്പെടുത്തിയ 37276 രൂപയിൽ ഇ പി ഒ സി ക്ലിയറൻസ് ഇനത്തിലുള്ള തുക യഥാർത്ഥ ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടില്ല. മുൻവർഷങ്ങളിൽ ഈയിനത്തിൽ വരവു വന്ന 46865 രൂപ റിഡംപ്ഷൻ ആയി സർക്കാരിലേക്ക് തിരിച്ചു പോയിട്ടുണ്ട്. യഥാസമയം നടപടി സ്വീകരിക്കാത്തതിനാൽ അർഹരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിക്കാത്ത സാഹചര്യം ഒഴിവാക്കേണ്ടതാണ്.

1-1-13 സെക്വയേർഡ് ലോൺ-കണക്കുകൾ പൊരുത്തപ്പെടുന്നില്ല

2023-24 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ് മെന്റ് പ്രകാരമുള്ള ലോൺ ബാധ്യത (B-5 ഷെഡ്യൂൾ) 3585371 രൂപയാണ്. എന്നാൽ 2019-20 സാമ്പത്തിക വർഷം മുതലുള്ള സുലേഖ ചെലവു പത്രികകൾ, വികസന ഫണ്ട് അനുവദിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവുകൾ, ലെഡ്ജറുകൾ എന്നിവ പരിശോധിച്ചതു പ്രകാരം യഥാർത്ഥത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ള തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

Year	സ്രോതസ്സിൽ നിന്ന് കുറവു ചെയ്ത തുക (₹), ഉത്തരവ് നമ്പർ(ജി ഒ(ആർടി))	ആകെ	പ്രോജക്ട് നമ്പർ (ജി ഒ പ്രോജക്ട്)
2019-20	₹220588(10050/2019/Fin/21.12.19) ₹220588(6105/01.08.2019)	441176	241/20 (441176 രൂപ ഒരു പ്രോജക്ടിൽ)
2020-21	₹439412(4461/03.08.2020) ₹439412(43/2020/01.01.21)	878824	358/21,376/21
2021-22	₹29333(3367/21/7.04.21) ₹337333(5206/21/30.07.2021) ₹645334(22/22/01.01.22)	10,12,000	240/22,241/22,263/22
2022-23	₹669095(6872/22/12.10.2022), ₹98007(scp) ₹289585(1049/23/13.02.23), ₹487882(scp)	1544569	303/23 ₹278308 പഞ്ചായത്തിന്റെ പേര് മാറിപ്പോയത്
2023-24	319560(3113/23/19.04.23),195296 319560(5637/23/29.07.23),₹195296 319560(2858/24/22.03.24),₹195297	1544569	281/24,282/24,285/24 284/24,287/24,288/24
ആകെ തിരിച്ചടവ്		**54,21,138**	
എടുത്ത വായ്പ-വിവിധ വർഷങ്ങളിലെ വാർഷിക ധനകാര്യ പത്രികകൾ പ്രകാരം			
2018-19	2981360-151012(*) = 2830348	RP 32	(*)151012രൂപ ഹെഡ് മാറി പോസ്റ്റ് ചെയ്തത് അടുത്ത വർഷം ശരിയാക്കിയിട്ടുണ്ട്.
2019-20	1370000	RP 32	
2023-24	3540000	RP 31	

ആകെ	7891360-151012=**₹7740348**		

2022-23 സാമ്പത്തിക വർഷം വന്ന 12,66,161 രൂപയുടെ വ്യത്യാസം 2024-25 സാമ്പത്തിക വർഷം ജേണൽ എൻട്രി മുഖേന പരിഹരിച്ചിട്ടുണ്ട്. 31.03.2024 ലെ യഥാർത്ഥ ലോൺ ബാധ്യത 23,19,207രൂപയാണ്. കണക്കുകൾ പരിശോധിച്ച് യഥാർത്ഥ വിവരങ്ങൾ ഉൾപ്പെടുത്തിയ ലോൺ രജിസ്റ്റർ തയ്യാറാക്കി പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

1-1-14 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള കണക്കുകളും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കണക്കുകളും പൊരുത്തപ്പെടുന്നില്ല

സംരക്ഷണ ഗ്രാന്റ് – റോഡ് ഇനത്തിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ചെലവ് 17066650 രൂപയും വാർഷിക ധനകാര്യ പത്രികയിലും സുലേഖ ചെലവു പത്രികയിലും വന്ന ചെലവ് 10474124 രൂപയും ആണ്. വ്യത്യാസത്തിനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല. കൃബിൽ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

1-1-15 മുൻകൂർ തുക യഥാസമയം ക്രമീകരിച്ചിട്ടില്ല

അഡ്വാൻസ് ടു അദേഴ്സ് എന്ന ഹെഡിൽ B-18 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ 144426 രൂപയുടെ മുൻകൂർ രജിസ്റ്റർ പ്രകാരമുള്ള (2022-23) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഹരിതകർമ്മസേന വാഹന വാടക	₹13500
മഴക്കാല പൂർവ്വ ശുചീകരണം - മെഡിക്കൽ ഓഫീസർ, പി എച്ച് സി (23.04.2021)	₹90000
പാലിയേറ്റീവ് നഴ്സ് ഹോണറേറിയം, വാഹന വാടക - മെഡിക്കൽ ഓഫീസർ, പി എച്ച് സി- (10.08.2021)	₹40926

പ്രസ്തുത മുൻകൂറുകൾ സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ല.

1-1-16 രജിസ്റ്റർ സൂക്ഷിപ്പ്

2023-24 സാമ്പത്തിക വർഷത്തെ വിവരങ്ങൾ രേഖപ്പെടുത്തിയ അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ ഇവ സൂക്ഷിച്ചിട്ടില്ല.

1-2 ബജറ്റ്

പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 23.03.2023 തീയതിയിലെ 76/2023 നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 07.02.2024 തീയതിയിലെ 39/2024 നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

	ബജറ്റ് പ്രകാരം	പുതുക്കിയ ബജറ്റ് പ്രകാരം
മുന്നിരിപ്പ്	3,90,91,154	5,00,66,726
പ്രതീക്ഷിത വരവ്	26,15,94,130	27,72,61,558
ആകെ	30,06,85,284	32,73,28,284
പ്രതീക്ഷിത ചെലവ്	29,10,90,800	28,64,95,774
നീക്കിയിരിപ്പ്	95,94,484	4,08,32,510

1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	₹3,87,30,420
ഓഡിറ്റ് വർഷത്തെ ആകെ വരവ്	₹10,37,20,246
ആകെ	₹14,24,50,666

ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	₹10,67,47,294
നീക്കിയിരിപ്പ്	₹3,57,03,372
വരവിനങ്ങളിലുള്ള നഷ്ടം	₹5700
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	₹112270
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	₹1742770

(*) സാമൂഹ്യ സുരക്ഷാ പെൻഷൻ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി, മറ്റ് ഗ്രാന്റുകൾ ഇവ റസീറ്റ് & പേമെന്റ് ഷെഡ്യൂളിൽ ഉൾപ്പെടുന്നില്ല.

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക
വികസനഫണ്ട് പൊതുവിഭാഗം	0	2,66,78,020	2,66,78,020	2,06,51,032	60,26,988(*)
വികസനഫണ്ട് എസ്.സി. പി	0	36,90,000	36,90,000	36,90,000	0
സംരക്ഷണഗ്രാന്റ്, റോഡ്	0	36,64,000	36,64,000	36,64,000	0
സംരക്ഷണഗ്രാന്റ്, നോൺ റോഡ്	0	1,70,66,650	1,70,66,650	1,04,74,127	65,92,523(**)
ധനകാര്യകമ്മിഷൻ ഗ്രാന്റ്-ബേസിക് (****)	71375+ 121606(ob Correction) =192981	44,96,640 (4418000+ 78640പലിശ)	46,89,621	3380179	13,09,442
ധനകാര്യകമ്മിഷൻ ഗ്രാന്റ്-ടൈഡ്(****)	31,74,002	33,13,500	64,87,502	47,44,900	17,42,602
ശുചിത്വമിഷൻ	12,26,802	5,48,333	17,75,135	13,23,836	4,51,299
മറ്റ് സർക്കാർ ഏജൻസികളിൽ നിന്നുള്ള ഗ്രാന്റുകൾ -ലൈഫ് സ്റ്റേറ്റ് ഷെയർ	7,33,000	76,98,210+ 95,285= 77,93,495	84,31,210+ 95,285= 85,26,495	70,30,000	14,96,495
എൻ ആർ എച്ച് എം ഫണ്ട്	5,36,308	0	5,36,308	0	5,36,308
മുനിസിപ്പൽ കോർപ്പറേഷനിൽ നിന്നു ലഭിച്ച വിഹിതം	6,70,870	0	6,70,870	0	6,70,870
മുനിസിപ്പാലിറ്റിയിൽ നിന്നു ലഭിച്ച വിഹിതം	0	9,92,485	9,92,485	9,92,485	0

ഹെൽത്ത് ഗ്രാന്റ്-അടിസ്ഥാന സൗകര്യം	1,87,015	10,74,544	12,61,559	1,15,146	11,46,413
ഹെൽത്ത് ഗ്രാന്റ്-ഹെൽത്ത് & വെൽനസ് സെന്റർ	1,11,570	4,41,919	5,53,489	2,43,653	3,09,836
ഹെൽത്ത് ഗ്രാന്റ്-ബിൽഡിംഗ് ലെസ് സബ്സെന്റേഴ്സ്	0	28,05,500	28,05,500	0	28,05,500
കേന്ദ്രസർക്കാർ അവാർഡ്	500000	0	500000	0	500000
കേരളോത്സവം	5000	0	5000	5000	0
വിമുക്തി	25,656	0	25,656	0	25,656
എസ്എസ് എ	1,19,639	0	1,19,639	0	1,19,639
ഐ.സി.ഡി.എസ്,കേന്ദ്ര വിഹിതം	987343	29,82,441	39,69,784	24,11,736	15,58,048
സാക്ഷരത	6035	181	6216	0	6216
നഗരസഞ്ചയ ഗ്രാന്റ്	0	28,69,843	28,69,843	28,69,843(***)	0

(*) 17520രൂപയുടെ വ്യത്യാസം – എ സി ആർ ൽ ചെലവ് കൂടുതൽ

(**) അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം നീക്കിയിരിപ്പില്ല.

(***) ചെലവഴിച്ച തുക കാപ്പിറ്റൽ കോൺടിബ്യൂഷൻ ഹെഡിലേക്ക് മാറ്റുകയോ ലയബിലിറ്റി കുറവു ചെയ്യുകയോ ചെയ്തിട്ടില്ല.ആസ്തി ഭാഗത്ത് മുഴുവൻ തുകയും ഉൾപ്പെട്ടുത്തിയിട്ടില്ല.

(****) ധനകാര്യ കമ്മീഷൻ ഗ്രാന്റ്-കൃത്യമായ കണക്കുകൾ ലഭ്യമായിട്ടില്ല.

1–5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
254	19,46,67,378	168	9,48,26,328	36	86	132	51.97

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ	അംഗീകരിച്ച പ്രോജക്ടുകളുടെ എണ്ണം	നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം	പദ്ധതി അടങ്കൽ	പദ്ധതി ചെലവ്	ചെലവ് ശതമാനം
കൃഷി ഓഫീസർ	9	9	11167870	7373328	66.02

വെറ്റിനറി സർജൻ	9	6	3423052	863449	25.22
മെഡിക്കൽ ഓഫീസർ, പിഎച്ച്സി	15	14	5092837	2658317	52.2
മെഡിക്കൽ ഓഫീസർ,ആയുർവേദ	4	3	980000	818910	83.56
എസ് ഐ ഫിഷറീസ്	1	0	78000	0	0
വി ഇ ഒ	27	19	64046874	28311481	44.2
ഐസിഡിഎസ് സൂപ്പർവൈസർ	14	10	11435716	8752962	76.54
സെക്രട്ടറി	38	23	12937409	8964873	69.29
അസിസ്റ്റന്റ് എഞ്ചിനീയർ	125	77	81420000	35623240	43.75
ഹെഡ്മാസ്റ്റർ	7	3	1691020	719200	42.53
ഡെയറി ഫാം ഇൻസ്ട്രക്ടർ	1	0	1500000	0	0
അസിസ്റ്റന്റ് സെക്രട്ടറി	4	4	894600	746868	83.49
ആകെ	254	168	19,46,67,378	9,48,26,328	48.71%

1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണചെലവുകൾ	6,37,515	13,93,946	20,31,461	20,31,461	0
ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്	0	3,43,78,240	3,43,78,240	3,43,78,240	0
ആകെ	6,37,515	3,57,72,186	3,64,09,701	3,64,09,701	0

1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ഗുണഭോക്താക്കളുടെ എണ്ണം	ചെലവഴിച്ച തുക ₹
കർഷകതൊഴിലാളി പെൻഷൻ	567	76,07,800
വിധവാ പെൻഷൻ	1321	1,62,11,000
വാർദ്ധക്യകാല പെൻഷൻ	2795	3,15,98,700
ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ	456	54,59,400
50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ	66	8,29,800

1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.12.2024 തീയതിയിൽ 12.20 Pm ന് ഹെഡ്ക്ലർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ കൗണ്ടറിൽ 9299 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകൾ വഴി ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചുമതലാ ക്രമീകരണങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റ് വർഷം എല്ലാ മാസങ്ങളിലും സ്റ്റാഫ് മീറ്റിംഗുകൾ ചേരുകയും സുഗമമായ ഓഫീസ് പ്രവർത്തനത്തിനുതകുന്നതിനുള്ള തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ തസ്തികകളിലും ജീവനക്കാരില്ലാതിരുന്നത് ഓഫീസ് പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്.

രജിസ്റ്റർ സൂക്ഷിപ്പ്

1. ആസ്തി രജിസ്റ്റർ- ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വർഷങ്ങളായി അപ്ഡേഷൻ നടത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത രജിസ്റ്റർ നിർദ്ദിഷ്ട ആവശ്യങ്ങൾക്ക് ആശ്രയിക്കാൻ കഴിയാത്ത അവസ്ഥയിലാണുള്ളത്. സചിത്ര സോഫ്റ്റ് വെയർ മുഖേന യഥാസമയം അപ്ഡേഷൻ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്. ആർ ടാക്ക് മുഖേന വിവരശേഖരണം നടത്തി റോഡുകളുടെ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതും അപാകങ്ങൾ പരിഹരിക്കേണ്ടതുമാണ്.

2. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ

കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും വിവിധ ഏജൻസികളിൽ നിന്നും ലഭിക്കുന്ന ഫണ്ടുകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഫണ്ട് വിനിയോഗം നീരീക്ഷിക്കാൻ കഴിയുന്നില്ല. ഉപയോഗിച്ച ഫണ്ടുകൾ യഥാസമയം ജേണൽ എൻട്രി മുഖേന ക്രമീകരിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിൽ പ്രസ്തുത തുക ബാധ്യതയായി തുടരുന്നു.

3. സ്റ്റോക്ക് രജിസ്റ്റർ – വാർഷിക സ്റ്റോക്കെടുപ്പ് നടത്തി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല

അടിസ്ഥാന ഭൂനികുതി ഒടുക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിക്ക് ഓഡിറ്റ് വർഷവും അടിസ്ഥാന ഭൂനികുതി ഒടുക്കിയിട്ടില്ല

1–10 ഗ്രാമസഭ

ഗ്രാമ പഞ്ചായത്തിലെ 18 വാർഡുകളിലും 5/23, 8/23, 12/23 മാസങ്ങളിലായി മൂന്നു തവണ വീതം ഗ്രാമസഭകൾ യോഗം ചേർന്നിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തേക്കുള്ള ഗുണഭോക്താക്കളെ അംഗീകരിക്കൽ, 2021-22, 22-23 സാമ്പത്തിക വർഷങ്ങളിലെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് റിപ്പോർട്ടുകൾ അവതരിപ്പിക്കൽ, ഹരിത ഓഡിറ്റ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി സോഷ്യൽ ഓഡിറ്റ്, മാലിന്യ മുക്ത പഞ്ചായത്ത്, റേഷൻകട തല വിജിലൻസ് മോണിറ്ററിംഗ് സമിതി രൂപീകരണം, 2024-25 സാമ്പത്തികവർഷത്തേക്കുള്ള വാർഷിക പദ്ധതി തയ്യാറാക്കൽ എന്നിവയാണ് പ്രധാന അജണ്ടകൾ.

1–11 വസ്തു നികുതി പരിഷ്കരണ നടപടി ക്രമങ്ങൾ പൂർത്തീകരിക്കുവാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

22.03.2023 ലെ സ ഉ(കൈ)നം.77/2023/തസ്വഭവ പ്രകാരം 01-04-2023 പ്രാബല്യത്തിൽ നിലവിലുള്ള നികുതിദായകരുടെയും പുതിയ നികുതിദായകരുടെയും വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ ഫീൽഡ് പരിശോധന നടത്തി സഞ്ചയ സോഫ്റ്റ് വെയറിൽ ചേർക്കേണ്ടതുണ്ട്. ഈ വിവരങ്ങളുടെയും 9-B ഫാറം (കെട്ടിടം പണിയുകയോ പുതുക്കി പണിയുകയോ മാറ്റം വരുത്തുകയോ ചെയ്യുന്നത് സംബന്ധിച്ച് കെട്ടിട ഉടമ നൽകുന്ന വിവരം)ലഭിച്ചതിന്റെയും അടിസ്ഥാനത്തിൽ അധികനിർമ്മാണം നടത്തിയത് മുതലും ഘടനാപരമായും ഉപയോഗക്രമത്തിലും ഉൾപ്പെടെയുള്ള മാറ്റം വന്ന കാലം മുതലും നികുതി പുനർനിർണ്ണയിക്കേണ്ടതുണ്ട്. ഇതിനാവശ്യമായ പരിശോധനകൾ എത്രയും വേഗം പൂർത്തീകരിക്കാൻ പ്രസ്തുത ഉത്തരവിൽ നിർദ്ദേശിക്കുന്നുമുണ്ട്. എന്നാൽ 01-04-2023 ന് മുൻപ് നിലവിലുണ്ടായിരുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരണം ഗ്രാമപഞ്ചായത്തിൽ ഇതുവരെ നടപ്പിലാക്കപ്പെട്ടിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി മുഖേന ജി ഐ എസ് മാപ്പിംഗ് നടത്തി വിവരശേഖരണം നടത്തുന്നതിന് 2024-25 സാമ്പത്തിക വർഷം പ്രോജക്ട് വച്ചിട്ടുണ്ടെന്നും ആയത് അപ്പ്രൂവൽ ആകുന്ന മുറയ്ക്ക് സർവ്വെ നടത്തി വിവരശേഖരണം പൂർത്തിയാക്കുന്നതാണെന്നും ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/11.12.2024) മറുപടി നൽകിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളുടെയും സർവേ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, കെട്ടിട ഉടമകൾ ലഭ്യമാക്കിയ 421 എണ്ണം 9-B ഫാറം പരിശോധിച്ചും അധികനിർമ്മാണം നടത്തിയത് മുതലും ഘടനാപരമായും ഉപയോഗക്രമത്തിലും മാറ്റം വന്ന കാലം മുതലുള്ള നികുതി പുനർനിർണ്ണയിച്ച് കുടിശ്ശികയടക്കം ഈടാക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

1–12 സ്വിമ്മിങ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ എന്നിവയുടെ വസ്തുനികുതി ഈടാക്കുന്നത് സംബന്ധിച്ച്

സ.ഉ.(അച്ചടി)നം.25/2023/LSGD തീയതി:05.04.2023 നമ്പർ വിജ്ഞാപന പ്രകാരം സ്വിമ്മിങ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ എന്നിവയ്ക്ക് ഈടാക്കാവുന്ന കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്ക് താഴെ

കൊടുക്കുന്നു.

കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരം	ഏറ്റവും കുറഞ്ഞ നിരക്ക്(₹)	ഏറ്റവും കൂടിയ നിരക്ക്(₹)
സ്വിമ്മിങ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ(ഫീസ് നൽകി പൊതു ജനങ്ങൾക്ക് പ്രവേശിക്കാവുന്നവ/ വാണിജ്യ സ്വഭാവത്തോടു കൂടിയവ)	25	45

മേൽ വിജ്ഞാപനത്തിന്റെ ഭാഗമായി പരിയാരം ഗ്രാമപഞ്ചായത്ത് 8.08.2023 തീയതിയിലെ 193/23 നമ്പർ തീരുമാന പ്രകാരം പുറപ്പെടുവിച്ച അന്തിമ വിജ്ഞാപനത്തിൽ ടർഫുകളുടെയും ജിംനേഷ്യങ്ങളുടെയും നികുതി നിരക്ക് 30 രൂപയായി നിശ്ചയിച്ചിട്ടുണ്ട്.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/11.12.2024) പരിയാരം ഗ്രാമപഞ്ചായത്തിൽ 01.04.2023 മുതൽ പ്രസ്തുത ഗണത്തിൽ പെടുന്ന കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ചിട്ടില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയത്. നിലവിൽ ഇത്തരം നിർമ്മാണങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉണ്ടോ എന്ന് പരിശോധിക്കേണ്ടതും പ്രസ്തുത വിഭാഗത്തിൽ പെടുന്ന നിർമ്മാണങ്ങളുടെ നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് വ്യക്തത വരുന്ന മുറക്ക് വസ്തുനികുതി നിർണയം നടത്തി കുടിശിക സഹിതം ഈടാക്കേണ്ടതുമാണ്.

1–13 തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലെയും ചുമത്തുന്നതിലെയും അപാകങ്ങൾ.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 16, 17 എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ കമ്പനിയുടെയും പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ച് കൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ ചെയ്യുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. 2023-24 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങളുണ്ട്.

1) ഗ്രാമ പഞ്ചായത്ത് പരിധിയിലെ അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാൻ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോ എന്ന് വ്യക്തമല്ല.

2) ഗ്രാമ പഞ്ചായത്ത് പരിധിയിൽ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ വിവരങ്ങൾ ഉൾപ്പെടുത്തിയ സമ്പൂർണ ഡാറ്റാ ബേസ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി തയ്യാറാക്കിയ അംഗീകരിച്ച വാർഡ് തല ട്രേഡേർസ് ലിസ്റ്റ് പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

3) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ സ്ഥാപന തൊഴിൽനികുതി, ജീവനക്കാരുടെ തൊഴിൽനികുതി എന്നിവ ഈടാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കിയിട്ടില്ല.
4) എഫ് ടി ഇ & ഒ എസ് ലൈസൻസ് അപേക്ഷകളിൽ ഒന്നിൽ കൂടുതൽ ജീവനക്കാരുള്ളതായി രേഖപ്പെടുത്തിയ നിരവധി സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സ്ഥാപനം	തൊഴിലാളികളുടെ എണ്ണം (ലൈസൻസ് അപേക്ഷ പ്രകാരം)
എൻ എഫ് ഗ്യാസ് മാർട്ട്	6
ഒക്കേവി ഫ്യൂവൽസ്	5
സഫിയ കളേർസ്	5
അൻവിൽ ഇൻഡസ്ട്രീസ്	6
മാക്സൺ എന്റർപ്രൈസസ്	8
അക്വനോഷ് മറൈൻ പ്രൊഡക്ടസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്	20

ഡിസ്കോ ഗ്രാനൈറ്റ്സ്	6
ഒമാൻ സൂപ്പർമാർക്കറ്റ്	5
വിൻഡോബ് ഇൻഡസ്ട്രീസ്	5
വിന്നർ അസോസ്സിയേറ്റസ്	7
വിംഗ്സ് ഓഫ് വി അസ്സോസിയേറ്റ്സ്	5
ZFC ഫ്രൂട്ട്സ്	6
കളർ ടീ ക്ലോത്തിംഗ് കമ്പനി	8
മൂൺലൈറ്റ് ഏജൻസീസ്	4
ഐഡിയൽ വുഡ് ഇൻഡസ്ട്രീസ്	7
പാമിൽ കമ്പ്യൂസ്	6

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (20/13.12.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും അയച്ച ഡിമാന്റ് നോട്ടീസുകളും അവർ സമർപ്പിച്ച റിട്ടേണുകളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി തയ്യാറാക്കിയ അംഗീകരിച്ച വാർഡ് തല ട്രേഡേർസ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

1-14 പെർമ്മിറ്റ് നൽകിയതിലെ അപാകതകൾ

പരിയാരം ഗ്രാമപഞ്ചായത്തിൽ 2023-24 വർഷം നൽകിയ ബിൽഡിംഗ് പെർമ്മിറ്റുകളുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ ചുവടെ കൊടുത്ത അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

A. 2020 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ – ഭേദഗതി-1 (ജി.ഒ (പി) നം.56/2020/ത.സ്വ.ഭ.വ തീയതി- 24.09.2020) ചട്ടം 25 (2) പ്രകാരം 300 ച. മീറ്റർ വരെ നിർമ്മിത വിസ്തീർണ്ണമുള്ള സ്റ്റോറേജ് കെട്ടിടങ്ങൾക്ക് (ഗ്രൂപ്പ് എച്ച്) പെർമ്മിറ്റ് അനുവദിക്കുമ്പോൾ അവയെ വാണിജ്യാവശ്യത്തിനായുള്ള കെട്ടിമായി (ഗ്രൂപ്പ് എഫ്) പരിഗണിച്ചാണ് പെർമ്മിറ്റ് അനുവദിക്കേണ്ടത് (Any Building With Not More Than 200 Sq.Meters Built Up Area Accommodating The Uses Under Group C, D And E And With Not More Than 300 Sq. Meters Built Up Area Accommodating The Uses Under Group H Shall Be Included In Group F) എന്നാൽ ശ്രീ. സൈഫുദ്ദീൻ പി വി ക്ക് പെർമ്മിറ്റ് നം. എ2-ബിഎ(44788)/2024 പ്രകാരം പെർമ്മിറ്റ് നർകിയിട്ടുള്ള 275 ച.മീറ്റർ നിർമ്മിത വിസ്തീർണ്ണമുള്ള കെട്ടിടത്തെ ഗ്രൂപ്പ് എഫ് (വാണിജ്യം) ൽ ഉൾപ്പെടുത്താതെ ഗ്രൂപ്പ് എച്ച് (സ്റ്റോറേജ്) ൽ ഉൾപ്പെടുത്തിയാണ് പെർമ്മിറ്റ് നൽകിയിട്ടുള്ളത്. ഇപ്രകാരം പെർമ്മിറ്റ് നൽകിയതിനാൽ പെർമ്മിറ്റ് ഫീസ്, ഫ്ലോർ സ്പേസ് ഇൻഡക്സ്, കവറേജ്, പാർക്കിംഗ് എന്നിവയുടെ നിബന്ധനകൾക്ക് വ്യത്യാസം വന്നിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം.19/ 13.12.2024) മറുപടിയായി മേൽ കക്ഷിക്ക് അനുവദിച്ച പെർമിറ്റ് റിവോക്ക് ചെയ്യകൊണ്ട് കൈവശഗണം എഫിൽ ഉൾപ്പെത്തി പുതിയ പെർമിറ്റിനുള്ള അപേക്ഷ സമർപ്പിക്കാൻ അപേക്ഷകന് അറിയിപ്പ് നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

B. 2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ (ജി.ഒ (പി) നം.78/2019/ത.സ്വ.ഭ.വ തീയതി- 02.11.2019) ചട്ടം 29 (5) പ്രകാരം കാർ പാർക്കിംങിനുള്ള സ്ഥലത്തിന്റെ 25 % ഇരുചക്ര വാഹനങ്ങൾക്ക് പാർക്കിംഗിനായി അധികമായി സ്ഥലം പ്ലോട്ടിൽ ലഭ്യമാക്കേണ്ടതാണ്. ചട്ടം 29 (7) പ്രകാരം ഗ്രൂപ്പ് എഫ്, ജി1,ജി2, എച്ച് ഒക്യൂപ്പൻസികളിൽ കാർ പാർക്കിംഗിനുള്ള സ്ഥലത്തിനു പുറമേ ആദ്യ 700 ച.മീറ്റർ കഴിഞ്ഞുള്ള ഓരോ 1000 ച.മീറ്ററിനും അതിന്റെ ഭാഗത്തിനും 30 ച.മീറ്റർ കയറ്റിറക്ക സ്ഥലം പ്ലോട്ടിൽ ലഭ്യമാക്കേണ്ടതാണ്. എന്നാൽ ശ്രീ. ഷബീർ പി പി ക്ക് പെർമ്മിറ്റ് നം. എ2-ബിഎ(107516)/2024 പ്രകാരം പെർമ്മിറ്റ് നർകിയിട്ടുള്ള 531 ച.മീറ്റർ (850 ച. മീറ്റർ നിർമ്മിത വിസ്തീർണ്ണമുള്ള വ്യാവസായിക കെട്ടിടം(ഗ്രൂപ്പ് ജി1) നിലവിൽ പ്രസ്തുത പ്ലോട്ടിലുണ്ട്) നിർമ്മിത വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന്റെ (ഗ്രൂപ്പ് എഫ്) സൈറ്റ് പ്ലാനിലോ പാർക്കിംഗ് പ്ലാനിലോ മേൽ ചട്ടങ്ങൾ പ്രകാരം നൽകേണ്ട ഇരുചക്ര വാഹനങ്ങൾക്കുള്ള പാർക്കിംങ് സ്ഥലമോ കയറ്റിറക്ക സ്ഥലമോ രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത അപാകതയ്ക്ക്

മറുപടിയായി പാർക്കിംഗ്, കയറ്റിറക്കു സ്ഥലം എന്നിവ രേഖപ്പെടുത്തികൊണ്ട് പുതുക്കിയ പ്ലാൻ ലഭ്യമാക്കാൻ അപേക്ഷകനു അറിയിപ്പ് നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

C. 2020 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ – ഭേദഗതി-1 (ജി.ഒ (പി) നം.56/2020/ത.സ്വ.ഭ.വ തീയതി- 24.09.2020) ചട്ടം 28 പട്ടിക 8 എ പ്രകാരം തറ വിസ്തീർണ്ണം 300 ച. മീറ്ററിൽ കൂടുതലുള്ള സ്റ്റോറേജ് കെട്ടിടങ്ങളുടെ പ്ലോട്ടിലേക്കുള്ള പ്രവേശന മാർഗ്ഗത്തിന്റെ വീതി 7 മീറ്റർ ആയിരിക്കണം. എന്നാൽ ശ്രീമതി. ലാലി തോമസ്സ് ശ്രീമതി. അന്ന അൽഫോൻസ് എന്നിവർക്ക് പെർമ്മിറ്റ് നം. എ2-ബിഎ(128677)/2024 പ്രകാരം പെർമ്മിറ്റ് നൽകിയിട്ടുള്ള 704.62 ച.മീറ്റർ തറ വിസ്തീർണ്ണമുള്ള സ്റ്റോറേജ് കെട്ടിടത്തിന്റെ പ്ലോട്ടിലേക്കുള്ള വീതി 5 മീറ്റർ എന്നാണ് ഹാജരാക്കിയിട്ടുള്ള സൈറ്റ് പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത അപാകതയ്ക്ക് മറുപടിയായി മേൽ പ്ലോട്ടിൽ ചുറ്റുമതിൽ നിർമ്മിക്കാത്തതുകൊണ്ട് ആവശ്യമായ വീതി സൈറ്റിൽ ലഭ്യമാണെന്നും പ്രവേശനമാർഗ്ഗം 7 മീറ്റർ രേഖപ്പെടുത്തിക്കൊണ്ട് പുതുക്കിയ പ്ലാൻ സമർപ്പിക്കാൻ അപേക്ഷകന് അറിയിപ്പ് നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 ലൈസൻസ് ഫീസ് ഈടാക്കിയതിലെ അപാകത-5700 രൂപയുടെ വരവു നഷ്ടം

31.10.2017 ലെ ജി.ഒ.(പി) 80/2017 പ്രകാരം ഭേദഗതി വരുത്തിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളെ അവയുടെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസുകളായി തരം തിരിച്ച് ഓരോന്നിനും ബാധകമായ (പട്ടിക 2 ൽ പ്രതിപാദിച്ച പ്രകാരമുള്ള) ലൈസൻസ് ഫീസാണ് ഈടാക്കേണ്ടത്.

ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയും ഭരണ സമിതിയും അംഗീകരിച്ച ലൈസൻസ് ഫീ സ്ലാബുകളുടെ തീരുമാനം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രസ്തുത തീരുമാനത്തെ അടിസ്ഥാനമാക്കി മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയ ലൈസൻസ് ഫീ സ്ലാബുകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചപ്പോൾ താഴെപറയുന്ന സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് കുറവായാണ് ഈടാക്കിയിട്ടുള്ളത് എന്ന് കാണുകയുണ്ടായി.

ലൈസൻസ് ഫീ ഡിമാന്റ് രജിസ്റ്ററിലെ ക്രമ നമ്പർ	കെട്ടിട നമ്പർ	ഉടമയുടെ പേര്/സ്ഥാപന വിവരം	രേഖപ്പെടുത്തിയ മൂലധന നിക്ഷേപം (രൂപയിൽ)	ഈടാക്കിയ ലൈസൻസ് ഫീസ്(₹), രശീതിനമ്പർ/ തീയതി	ഈടാക്കേണ്ട ലൈസൻസ് ഫീ(₹)	കുറവ് (₹)
14	6/250 എഫ്	ദിനേശ് മീനക്കട /സി എം ട്രേഡിംഗ് കമ്പനി	15 ലക്ഷം	₹500 1230100022/ 05.04.2023	1000	500
351	5/299 എച്ച്,ജെ,കെ	നൌഷാദ് ഓലിയൻ/ കെൻസ് ഹോട്ട് ആന്റ്ക്രൂൾ	12 ലക്ഷം	₹500 1230102774/ 17.08.2023	1000	500
354	5/ 52 ബി	രാജീഷ് കരിമ്പം / റോയൽ ട്രാവിലർ വർക്ക് ഷോപ്പ് ആന്റ് സ്പെർ പാർട്ട്സ്	10 ലക്ഷം	₹300 1230102736/ 16.08.2023	500	200
434	5/55 വി	രാജേഷ് പി / പറവ പെറ്റ്സ്	60 ലക്ഷം	₹500 1230104118/	5000	4500

		ആന്റ് അക്കേറിയം		30.10.2023		
				ആകെ		₹5700

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (06/ 11.12.2024) മറുപടി നല്കിയിട്ടില്ല. ലൈസൻസ് ഫീ ഇനത്തിൽ കുറവ് വന്ന തുക മേൽ സ്ഥാപന ഉടമകളിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

1-16 വാടക ബൈലോയ്ക്ക് അംഗീകാരം ലഭിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 12/278 എ നമ്പർ കെട്ടിടം പഞ്ചശ്രീ കുടുംബശ്രീ യൂനിറ്റിന് ന്യൂട്രിമിക്സ് നിർമ്മാണ യൂനിറ്റ് നടത്തുന്നതിനായി പ്രതിമാസം 15000 രൂപ നിരക്കിൽ 2023-24 സാമ്പത്തിക വർഷത്തേക്ക് വാടകയ്ക്ക് നൽകിയിട്ടുണ്ട്. വാടകയുമായി ബന്ധപ്പെട്ട അംഗീകരിച്ച ബൈലോ പരിശോധനയ്ക്കായി ഹാജരാക്കിയിരുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/13.12.2024) മറുപടിയായി പ്രസ്തുത കെട്ടിടം വാടകയ്ക്ക് നൽകുന്നതിനുള്ള ബൈലോ തയ്യാറാക്കി 07.11.2022 ന് ജോയിന്റ് ഡയറക്ടർ മുഖാന്തിരം അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ടായിരുന്നെന്നും ആയതിന് വകുപ്പ് തല ഏകീകരണവുമായി ബന്ധപ്പെട്ട് ഫയലുകൾ മാറ്റുന്നതുമായി ബന്ധപ്പെട്ട തിരക്കുകൾ കഴിഞ്ഞ ശേഷം പഞ്ചായത്ത് ഡയറക്ടർക്ക് അയച്ച് കൊടുക്കുമെന്ന് ജോയിന്റ് ഡയറക്ടറുടെ ഓഫീസിൽ നിന്നും മറുപടി ലഭിച്ചിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. കെട്ടിടം വെറുതെ കിടക്കുന്നത് ഒഴിവാക്കുന്നതിന് എത്രയും പെട്ടെന്ന് വാടകയ്ക്ക് നൽകാവുന്നതാണെന്ന് ഭരണ സമിതി തീരുമാനിച്ചതിനാലാണ് പഞ്ചശ്രീ കുടുംബശ്രീക്ക് ഈ കെട്ടിടം വാടകയ്ക്ക് നൽകിയെതെന്നും അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്വേഷൻ പ്രകാരമുള്ള വാടക ഈടാക്കി വരുന്നുണ്ടെന്നും പ്രസ്തുത ബൈലോ പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിക്കുന്നതിനു ജോയിന്റ് ഡയറക്ടർക്ക് വീണ്ടും കത്ത് നൽകുന്നതാണെന്നും മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-17 രജിസ്ട്രേഷൻ പുതുക്കാത്ത പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1994 ലെ പഞ്ചായത്ത് രാജ് നിയമം (വകുപ്പുകൾ 269 മുതൽ 271 വരെ) പ്രകാരവും 1997 ലെ കേരളാ പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരവും സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും പാരാമെഡിക്കൽ ലൈസൻസ് കൂടി എടുക്കേണ്ടതാണ്.
2023-24 വർഷം ലൈസൻസ് രജിസ്റ്റർ പ്രകാരം പ്രവർത്തിച്ചിരുന്ന താഴെ പറയുന്ന സ്ഥാപനങ്ങൾ പാരാമെഡിക്കൽ ലൈസൻസ് പുതുക്കിയതായി കാണുന്നില്ല.

വാർഡ്	ബിൽഡിംഗ് നം.	ഉടമ	സ്ഥാപനം
12	490 എഫ്	ഡോ. അഞ്ചലി ആർ വി	വികെയർ ഡെന്റൽ ക്ലിനിക്ക്
11	62	എം വി സുധേഷ്	മെഡി പ്ലസ്സ് മെഡിക്കൽ ലാബ്
14	531,532	സിന്ധു ടി വി	സി എൻ സി മെഡിക്കൽ ലാബ്
5	504, 505	അഖിലാണ്ഡൻ എ വി	ഹോമിയോ കെയർ

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (06/11.12.2024) മറുപടിയൊന്നും ഹാജരാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും ചട്ടലംഘനത്തിനുള്ള പിഴ ഈടാക്കുന്നതുൾപ്പെടെയുള്ള തുടർനടപടികൾ സംബന്ധിച്ച വിവരം അറിയിക്കേണ്ടതാണ്.

1-18 ലൈഫ് സ്റ്റോക്ക് ഫാം ലൈസൻസ് എടുക്കാത്ത ഫാമുകൾ പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 പ്രകാരവും, 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരവും പഞ്ചായത്തിലെ ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് പ്രത്യേകം ലൈസൻസ് എടുക്കേണ്ടതുണ്ട്. പഞ്ചായത്തിലെ എഫ് ടി ഇ ഒ എസ് ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള താഴെ പറയുന്ന ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് എടുത്തിട്ടില്ല.

സ്ഥാപനം	കെട്ടിട നമ്പർ	ഉടമ
കീത്തലെ പൌൾട്ടറി ഫാം	6/305 A,B,C,D,E,F	ഭരതൻ എൻ ആർ
മർഹബ പൌൾട്ടറി ഫാം	17/214 A,B	ഷെരീഫ് സി കെ
അമ്പാടി ഡയറി ഫാം	7/250 A	കമലാക്ഷി കുറ്റേരി

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (06/11.12.2024) മറുപടി ഹാജരാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങൾക്ക് പ്രസ്തുത ചട്ടങ്ങൾ പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പു വരുത്തി ലൈസൻസ് നൽകാനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും ബാക്കി ഫാമുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ പ്രസ്തുത ഫാമുകളേയും ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് പരിധിയിൽ കൊണ്ടു വരേണ്ടതുമാണ്.

1–19 ഗ്രാമ പഞ്ചായത്ത് മീറ്റിങ്ങ് ഹാൾ നവീകരണം – അപാകങ്ങൾ – 112270 രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല, 173044 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി ഗ്രാമ പഞ്ചായത്ത്
പ്രോജക്ട് നമ്പർ/പേര്	7/2024 ഗ്രാമ പഞ്ചായത്ത് മീറ്റിങ്ങ് ഹാൾ നവീകരണം
അടങ്കൽ	₹8,00,000 വികസന ഫണ്ട് – ധനകാര്യ കമ്മീഷൻ അവാർഡ് ₹5,70,000 തനത് ഫണ്ട് ആകെ ₹13,70,000
ചെലവ് (ബിൽ നമ്പർ തീയതി തുക)	₹800000 – 467/19.03.2024 ₹485151 – 583/26.03.2024 **ആകെ ₹1285151**

ഗ്രാമ പഞ്ചായത്ത് മീറ്റിങ്ങ് ഹാളിൽ മീറ്റിങ്ങിൽ പങ്കെടുക്കുന്നവർക്ക് ഇരിപ്പിടം (മേശ, കസേര) ഒരുക്കുന്നതിനും, മിനി സ്റ്റേജ് ഡയസ് എന്നിവ സ്ഥാപിക്കുന്നതിനും അതുവഴി മീറ്റിങ്ങ് ഹാളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും ഉള്ള പദ്ധതിയാണ് നടപ്പിലാക്കിയത്.
ഫർണ്ണിച്ചർ വാങ്ങുന്നതിന് പുറമേ സിവിൽ പ്രവൃത്തികളായ വാൾ പാനലിംഗ്, വാൾ പാർട്ടീഷൻ, ഡോറുകൾ സ്ഥാപിക്കൽ, സ്റ്റേജ് നിർമ്മാണം, സീലിംഗ് നിർമ്മാണം തുടങ്ങിയവയും പ്രോജക്ടിൽ ഉൾപ്പെട്ടിട്ടുണ്ട്. അതുകൊണ്ടു തന്നെ അസിസ്റ്റന്റ് എഞ്ചിനീയറുടെ മേൽനോട്ടം പ്രവൃത്തിയിൽ ആവശ്യമായിരുന്നു.
പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. 18.03.2024 ലെ സെക്രട്ടറിയുടെ കത്ത് പ്രകാരം ബിൽ തുക അനുവദിക്കുന്നതിന് വേണ്ടി പ്രവൃത്തിയുടെ വാല്വേഷൻ തയ്യാറാക്കി നൽകുന്നതിന് അസി.എഞ്ചിനീയർ,എൽ എസ്.ജി.ഡി. പരിയാരത്തിന് കത്ത് നൽകിയിട്ടുണ്ട്.എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും വാല്വേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാകുന്നതിന് മുമ്പ തന്നെ മുഴുവൻ തുകയും റബ്കോയ്ക്ക് നല്കി.

2. പ്രവൃത്തിയിലൂടെ സ്ഥാപിച്ച സാധനങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. സചിത്ര സോഫ്റ്റ് വെയർ അപ്ലിക്കേഷൻ മുഖേന വിശദാംശങ്ങൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

3. ഹാളിലെ ജിപ്സം വർക്ക് ചെയ്യുന്നതിന് വേണ്ടി ₹69678 യുടെ ബിൽ റബ്കോ ലഭ്യമാക്കിയിട്ടുണ്ട്. ആദ്യം തയ്യാറാക്കിയ പ്രോജക്ടിൽ ഇല്ലാതിരുന്ന പ്രസ്തുത ഇനം റിവിഷൻ സമയത്ത് ഉൾപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. മറ്റ് പ്രവൃത്തികൾ നല്ലരീതിയിൽ പൂർത്തീകരിച്ചതിനാൽ ഈ ഇനവും റബ്കോ മുഖേന നടപ്പിലാക്കാമെന്നും റിവിഷൻ സമയത്ത് ഉൾപ്പെടുത്താമെന്നുമുള്ള ഭരണസമിതി തീരുമാനത്തിന്റെ (പി ആർ നമ്പർ 35/24(1) തീയതി 07.02.2024) അടിസ്ഥാനത്തിലാണ് റബ്കോ മുഖേന പ്രവൃത്തി നടപ്പാക്കിയത്. ജിപ്സം സീലിംഗ് നിർമ്മിക്കുന്നതിനായുള്ള പ്രസ്തുത ഇനം ടെണ്ടർ നടപടിക്രമങ്ങൾ ഇല്ലാതെ ചെയ്യുന്നതിന് റബ്കോയ്ക്ക് അനുവാദമില്ലാത്തതാണ്. പ്രസ്തുത പ്രവൃത്തിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. റബ്കോ നല്കിയ ബില്ലിൽ ചെയ്ത പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയിട്ടില്ല. പ്രവൃത്തിയുടെ ഡ്രോയിംഗും, വാല്വേഷൻ സർട്ടിഫിക്കറ്റും ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. പദ്ധതിയുടെ മോണിറ്ററിങ്ങ് റിപ്പോർട്ട്, പൂർത്തീകരണ പത്രം എന്നിവ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

പദ്ധതി നടത്തിപ്പിലെ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനും അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്വേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിനുമായി ഓഡിറ്റ് അന്വേഷണം (നമ്പർ 10/11.12.2024) നല്കിയതിനെ തുടർന്ന് അസിസ്റ്റന്റ് എഞ്ചിനീയർ വാല്വേഷൻ നടത്തി റിപ്പോർട്ട് ഹാജരാക്കിയിട്ടുണ്ട്. ആയത് അടിസ്ഥാനമാക്കി കണക്കാക്കിയ റബ്കോയ്ക്ക് അധികം നല്കിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ബില്ലിലെ ക്രമ നമ്പർ	ഇനം	സ്ഥാപിച്ച അളവ്(വാല്വേഷൻ സർട്ടിഫിക്കറ്റ്	ബിൽ പ്രകാരമുള്ള അളവ്	വ്യത്യാസം	റിമാർക്സ്

		പ്രകാരം)			
5	Stage As Per Drawing (Sl No 36 In Approved Price List)	9.036sq.M	12.5sq.M	3.464sq.M @7582/ Sq.M =₹26264 Add 18% Gst 4728 **₹30992**	
7	Dais(rate/ Addl Seat) (sl.No.125 In Approved Price List)	21 (3 Seater Dais -3 Nos And 4 Seater Dais -3 Nos)-61cmL* 45cmW*76cmH	23 (61cmL*61cmW* 76cmH)	23-21=2 2@8126/ Seat =16252 Add 18%Gst 2925 **₹19177**	5 Seater Rate, Width Different (45cm)
10	Partition As Per Drawing(sl No.23)	7.485sq.M	9sq.M	1.515sq.M @5636/ Sq.M =8539 Add 18%Gst 1537 **₹10076**	Ordinary Glass Partition For Windows . But Rate Given Is For Wood And Glass Partition
11	Partition As Per Drawing(sl No.23)	0.979sq.M	3sq.M	2.021sqm @5636/ Sq.M =11390 Add 18%Gst 2050 **₹13440**	Wood And Glass Partition. Door Portion Not Deducted
12	Door For Partition(with Door Closer) (Sl No 40)	2numbers 0.89*2.08& 0.69*2 Total 3.232sq.M **Without Door Closers**	2numbers (1.92L*0.84W) With Door Closer =1.6128sq.M (@18482+ 18%Gst /Each Door =@ 21809/ Door)	1.619sq.M Difference In Area+ Rate Of 2 Door Closers	Loss Couldn't Be Worked Out (ഡോർ ക്ലോസർ ഇല്ലാത്തതിന്റെ നിരക്ക് പ്രൈസ് ലിസ്റ്റിൽ ഇല്ല)
8	Panelling As Per Drawing(sl No. 34)	55.512sq.M	69.9sq.M	14.388sq.M @4603/ Sq.M =66228 Add 18%Gst =11921 **₹78149**	Door Portion, Partitions Etc Not Deducted
13	Panelling As Per	8.429sq.M	3sq.M	-5.429sq.M @4603/	Short

	Drawing(sl No. 34)			Sq.M =24990 Add 18%Gst 4498 **-₹29488**	

അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്വേഷൻ റിപ്പോർട്ടിൽ ഓരോ ഇനത്തിനും നല്കേണ്ട നിരക്ക് ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ യഥാർത്ഥ നഷ്ടം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല (ഡോർ ക്ലോസർ വിലയും വാതിലുകളുടെ അളവുകളുടെ വ്യത്യാസം കാരണം വരുന്ന അധിക ചെലവും പാർട്ടീഷൻ വാളിൽ ജനാലകളിൽ ചില്ല് സ്ഥാപിച്ചതിൽ വരുന്ന റേറ്റ് വ്യത്യാസവും, (സാധാരണ ഗ്ലാസാണ് ഘടിപ്പിച്ചിട്ടുള്ളത് എന്നതിനാൽ വുഡ് & ഗ്ലാസ് പാർട്ടീഷന്റെ നിരക്ക് നല്കേണ്ടതില്ല) കാരണം പ്രസ്തുത ഇനങ്ങളിൽ യഥാർത്ഥ നഷ്ടം തിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടില്ല) .

മേൽക്കാരണങ്ങളാൽ നഷ്ടം നിജപ്പെടുത്തിയ ക്രമനമ്പർ 5,7,11,8,13 ഇവയിൽ അധികം നല്കിയ 112270 രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. സ്പെസിഫിക്കേഷനിൽ വ്യത്യാസം വന്നതിനാൽ യഥാർത്ഥ നഷ്ടം തിട്ടപ്പെടുത്താൻ കഴിയാത്ത ക്രമനമ്പർ 10, 12 ഇവയ്ക്ക് വേണ്ടി ചെലവഴിച്ച ₹103366 രൂപയുടെ (50634 + 36964 +18%GST)ചെലവ് തടസ്സപ്പെടുത്തുന്നു.

ജിപ്സം സീലിംഗ്

39.51 ചതുരശ്ര മീറ്റർ ജിപ്സം ബോർഡ് സ്ഥാപിച്ചതായും 42.755 ചതുരശ്ര മീറ്റർ അളവിൽ പുട്ടി ഇട്ടതായും വാല്വേഷൻ നല്കിയിട്ടുണ്ട്. എന്നാൽ ഏത് തരം ജിപ്സം ബോർഡ് ആണ് സ്ഥാപിച്ചതെന്നോ എത്ര അളവിൽ സ്ഥാപിച്ചിട്ടുണ്ടെന്നോ റബ്കോയുടെ ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല. റബ്കോയ്ക്ക് പ്രസ്തുത പ്രവൃത്തി നടത്തുന്നതിന് റേറ്റ് കോൺട്രാക്ട് ഇല്ലാത്തതിനാലും എസ്റ്റിമേറ്റ്, ഡ്രോയിംഗ് തുടങ്ങിയവ ഹാജരാക്കിയിട്ടില്ലാത്തതിനാലും ജിപ്സം സീലിംഗ് സ്ഥാപിക്കുന്നതിനായി ചെലവഴിച്ച 69678 രൂപ തടസ്സപ്പെടുത്തുന്നു.

ഫർണ്ണിച്ചർ ഒഴികെയുള്ള ഇനങ്ങളുടെ (As Per Drawing എന്ന് രേഖപ്പെടുത്തിയ ഇനങ്ങൾ) ഡ്രോയിംഗ് ഡാറ്റ ഇവ ഹാജരാക്കേണ്ടതും അധികം നല്കിയ തുക തിരിച്ചു പിടിക്കേണ്ടതുമാണ്.

മേൽക്കാരണങ്ങളാൽ ആകെ 112270 രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല, 173044 (103366+69678) രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

1-20 ഐകെഎം വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിട്ടില്ല ₹109271 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ/ പേര്	2/24 ഐകെഎം വിഹിതം നൽകൽ
അടങ്കൽ	₹120000 (വികസന ഫണ്ട്-ജനറൽ)
ചെലവ്	₹109271 (ബിൽ നമ്പർ 87/05.07.2023)

2023-24 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ സോഫ്റ്റ് വെയർ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഇൻഫർമേഷൻ കേരള മിഷന് നൽകാനുള്ള വിഹിതം നൽകുവാനാണ് പ്രൊജക്ട് ആവിഷ്കരികരിച്ചിരിക്കുന്നത്. ഇൻഫർമേഷൻ കേരള മിഷന്റെ 09-03-2023 ലെ നം.762/എ7/ഐകെഎം/2023 കത്ത് പ്രകാരം ഐകെഎം ആവശ്യപ്പെട്ട ₹109271 നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ₹109271 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-21 ആനിമൽ ബർത്ത് കംട്രോൾ പദ്ധതി എ ബിസി പ്രോഗ്രാം വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല ₹50000 ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി ഗ്രാമ പഞ്ചായത്ത്
പ്രോജക്ട് നമ്പർ/ പേര്	241/24 ആനിമൽ ബർത്ത് കംട്രോൾ പദ്ധതി എ ബിസി പ്രോഗ്രാം
അടങ്കൽ	₹50000 തനത് ഫണ്ട്
ചെലവ് തുക	₹50000 (ബിൽ നമ്പർ 156/01.09.2023)

ഗ്രാമ പഞ്ചായത്തിലെ തെരുവ് നായശല്യം നിയന്ത്രിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനാണ് പ്രൊജക്ട് അവിഷ്കരിച്ചിരിക്കുന്നത്. തദ്ദേശ സ്വയംഭരണ (ആർ സി) വകുപ്പിന്റെ 23-08-2022 തീയതിയിലെ സ.ഉ(സാ.ധാ) 2065/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഗ്രാമ-ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും സംയുക്ത പ്രൊജക്ടായാണ് എ.ബി.സി നടപ്പിലാക്കേണ്ടതെന്നും മുഖ്യ നിർവ്വഹണസ്ഥാപനം ജില്ലാ പഞ്ചായത്തായിരിക്കുമെന്നും ഇതിനുള്ള വിഹിതം ജില്ലാപഞ്ചായത്തിന് മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾ കൈമാറണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മേൽ പ്രൊജക്ട് പ്രകാരം ₹50000 കണ്ണൂർ ജില്ലാ പഞ്ചായത്തിന് നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കാത്തതിനാൽ ₹50000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-22 തെരുവ് വിളക്ക് പരിപാലനം പദ്ധതി അപാകതകൾ ₹220000 ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ/പേര്	169/24, തെരുവ് വിളക്ക് പരിപാലനം
അടങ്കൽ	₹220000 തനത് ഫണ്ട്
ബിൽ നം /തീയതി/തുക	3804/13-7-2023 : /₹73333 4811/07-09-23 : ₹73333 532/20-2-24 : ₹73334 ആകെ ചെലവ് : ₹220000

ഗ്രാമ പഞ്ചായത്തിലെ 400 തെരുവ് വിളക്കുകളക്ക് 1 വർഷ കാലാവധിക്കുള്ളിൽ വരുന്ന അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് 5-11-2022 ന് ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ജോസ്.കെ.എം ഓഡിയോ വിഷൻ ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിന്റെ എസ്റ്റിമേറ്റ് റേറ്റിലുള്ള ടെണ്ടർ അംഗീകരിക്കുകയും 7/12/2022 ലെ SC1/1220/2022 പ്രകാരം വർക്ക് ഓർഡർ നൽകുകയും കരാറിൽ (എഗ്രിമെന്റ് നമ്പർ 3/2023, തീയതി 12.12.22) ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.

കരാറിൽ 01-01-2022 മുതൽ തെരുവ് വിളക്കുകളുടെ കേടുപാടുകൾ തീർക്കും എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ കരാറിൽ എർപ്പെട്ടിരിക്കുന്നത് 12.12.2022 നാണ്. തീയതി രേഖപ്പെടുത്തിയപ്പോൾ 01.01.2023 എന്ന് ചേർക്കുന്നതിന് പകരം 01.01.2022 എന്ന് ചേർത്തുപോയതാണെന്നാണ് ഇതുസംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നമ്പർ 39/17.12.2024) മറുപടിയിൽ സെക്രട്ടറി അറിയിച്ചത്. അപാകം പരിഹരിക്കേണ്ടതാണ്.

ബിൽ തുക അനുവദിച്ചിരിക്കുന്നത് ഗ്രാമപഞ്ചായത്ത് മെമ്പർമാരുടെ കത്തിന്റെ അടിസ്ഥാനത്തിലാണ്. എന്നാൽ കത്തിൽ എത്ര പോസ്റ്റിലെ വിളക്കുകൾ റിപ്പയർ ചെയ്യ എന്ന് രേഖപ്പെടുത്തിയിട്ടില്ല. തെരുവ് വിളക്കുകളുമായി ബന്ധപ്പെട്ട പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലർ നമ്പർ ജി2/44274/2015 തീ.17.08.2015 പ്രകാരം പ്രദേശത്തെ മുഴുവൻ തെരുവ് വിളക്കുകളുടേയും വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ആയത് സൂക്ഷിച്ചിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹220000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1–23 ലൈഫ് ഭവന പദ്ധതി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

മുൻ വർഷങ്ങളിലെ ലൈഫ് ഭവന നിർമ്മാണ പദ്ധതിയുടെ ഭാഗമായി തുക കൈപ്പറ്റിയ ചുവടെ കൊടുത്ത ഗുണഭോക്താവ് നാളിതുവരെയായിട്ടും ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

ഗുണഭോക്താവിന്റെ പേര്	ഗഡുക്കൾ നൽകിയ തീയതി/തുക ₹	നാളിതു വരെ കൈപ്പറ്റിയ തുക ₹
പുരുഷോത്തമൻ.പി	30.09.21/40000 11.11.21/40000	80000.

മുകളിൽ പരാമർശിച്ചിട്ടുള്ള ഗുണഭോക്താവ് നാളിതുവരെയായും ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (25/15.12.2024) മേൽ ഗുണഭോക്താവിന് 80000 രൂപ ആനുകൂല്യം അനുവദിച്ചുവെങ്കിലും 14.12.2023-ന് ടിയാൻ മരണപ്പെട്ടുപോയെന്നും, ഭാര്യ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ടെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ഭവനനിർമ്മാണം പൂർത്തീകരിക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതിലേക്ക് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1–24 കണ്ണൂർ ഫൈറ്റ് ക്യാൻസർ– പ്രോജക്ട് ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചിച്ചില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, പ്രൈമറി ഹെൽത്ത് സെന്റർ, പരിയാരം.
പ്രോജക്ട് നമ്പർ, പേര്	93/24, കണ്ണൂർ ഫൈറ്റ് ക്യാൻസർ.
അടങ്കൽ	₹50000 (തനത് ഫണ്ട്)
ചെലവ്	₹47936 (തനത് ഫണ്ട്)
ബിൽ നമ്പർ/തീയതി/തുക	340/10.1.2024 : ₹33036 399/26.2.2024 : ₹5000. 466/13.3.2024 : ₹2900. 553/24.3.2024 : ₹7000.

ഗ്രാമ പഞ്ചായത്തിൽ ക്യാൻസർ അവബോധ ക്ലാസ്സുകൾ, ക്യാൻസർ രോഗത്തെ തിരിച്ചറിയാനുള്ള ക്ലിനിക്കുകൾ, പരിശോധനാ ക്ലാസ്സുകൾ എന്നിവയിലൂടെ ക്യാൻസർ രോഗത്തെ നിയന്ത്രിക്കുക എന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. ജില്ലാ ആസൂത്രണ സമിതിയുടെ 28.2.2023-ലെ നമ്പർ 444/2022-23/ഡി.പി.സി/ഡി.പി.ഒ/കെ.എൻ.ആർ പ്രകാരമുള്ള 2023-24-ലെ സംയുക്ത പ്രോജക്ട് നിർദ്ദേശ പ്രകാരം കണ്ണൂർ ഫൈറ്റ് ക്യാൻസർ എന്ന പ്രോജക്ടിന്റെ ഭാഗമായി ക്യാൻസർ ബോധവത്കരണം, ക്യാൻസർ ക്ലിനിക്ക് സ്ഥാപിക്കൽ, ലാപ്ടോപ് വാങ്ങൽ, ക്യാൻസർ സാമ്പിളുകൾ ട്രാൻസ്പോർട്ട് ചെയ്യാനുള്ള ഹബ് ആന്റ് സ്പോക്ക് മോഡൽ ലാബ് സംവിധാനം ഒരുക്കൽ എന്നിവയ്ക്കായി തദ്ദേശ സ്ഥാപനം പ്രോജക്ട് ഏറ്റെടുക്കണമെന്ന് പറയുന്നുണ്ട്. എന്നാൽ 20.12.2023-ലെ ബിൽ നമ്പർ 1842 പ്രകാരം പ്രിന്റിംഗിന് 27440 രൂപയും, 18.3.2024-ലെ ഇൻവോയ്സ് നമ്പർ 292 പ്രകാരം ഫർണ്ണിച്ചർ വാങ്ങുന്നതിന് 7000 രൂപയുമാണ് ചെലവഴിച്ചിട്ടുള്ളത്.

പ്രോജക്ടിന്റെ ബോധവത്ക്കരണത്തിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ നടത്തേണ്ട ലഘുലേഖ പ്രിന്റിംഗിന് തുക ചെലവഴിക്കുകയും രോഗികളുടെ വിവരശേഖരണം നടത്തേണ്ടതിന് അത്യാവശ്യം വാങ്ങിക്കേണ്ട ലാപ്ടോപ്പ് വാങ്ങിക്കാതിരിക്കുകയും ചെയ്തതിന്റെ കാരണം ലഭ്യമാക്കിയിട്ടില്ല.

2. പ്രോജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.28/16.12.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രോജക്ടിന്റെ ഭാഗമായുള്ള ഡാറ്റാ ശേഖരണത്തിന് അത്യാവശ്യമായ ലാപ്ടോപ്പ് വാങ്ങുകയോ ക്യാൻസർ സാമ്പിളുകൾ ട്രാൻസ്പോർട്ട് ചെയ്യാനുള്ള ഹബ് ആന്റ് സ്പോക്ക് മോഡൽ ലാബ് സംവിധാനം ഒരുക്കുകയോ ചെയ്യാതെ ആദ്യ ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കേണ്ട ലഘുലേഖ പ്രിന്റിംഗ് തുടങ്ങിയവയ്ക്കായി തുക ചെലവഴിച്ചതിനാൽ പ്രോജക്ട് ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1–25 ജീവിതമാണ് ലഹരി ലഹരിയല്ല ജീവിതം–നിർവ്വഹണത്തിലെ അപാകങ്ങൾ – 44500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, പ്രൈമറി ഹെൽത്ത് സെന്റർ, പരിയാരം.
പ്രോജക്ട് നമ്പർ, പേര്	108/24, ജീവിതമാണ് ലഹരി ലഹരിയല്ല ജീവിതം.
അടങ്കൽ	₹50000 (തനത് ഫണ്ട്)
ചെലവ്	₹44500 (തനത് ഫണ്ട്)
ബിൽ നമ്പർ/ തീയതി/ തുക	206/26.10.2023 : ₹6000. 353/23.1.2024 : ₹38500.

ഗ്രാമ പഞ്ചായത്തിലെ ജനങ്ങളിൽ ലഹരി വിരുദ്ധ ബോധം ഉണ്ടാക്കുക എന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. മേൽ പ്രോജക്ടിന്റെ ഭാഗമായി ARTON ARTS AND SCREEN PRINTING PILATHARA എന്ന സ്ഥാപനത്തിൽ നിന്ന് 38500 രൂപ ചെലവഴിച്ച് വാങ്ങിച്ച (5500X7=38500) 7ബോർഡുകൾ എവിടെയാണ് സ്ഥാപിച്ചത് എന്നതിന്റെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

2. ജില്ലാ ആസൂത്രണ സമിതിയുടെ 28.2.2023-ലെ നമ്പർ 444/2022-23/ഡി.പി.സി/ഡി.പി.ഒ/കെ.എൻ.ആർ പ്രകാരമുള്ള 2023-24 ലെ സംയുക്ത പ്രോജക്ട് നിർദ്ദേശ പ്രകാരം ജീവിതമാണ് ലഹരി ലഹരിയല്ല ജീവിതം എന്ന പ്രോജക്ടിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്ത് ഏറ്റെടുത്ത് നടത്തേണ്ട പ്രവർത്തനങ്ങളിൽ ഉൾപ്പെടാത്ത മാജിക് ഷോ മുഖേന ബോധവത്കരണ പരിപാടികൾ നടത്തുന്നതിന് 5000 രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനം വ്യക്തമാക്കിയിട്ടില്ല.

3. പ്രോജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.29/16.12.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് നിർവ്വഹണം സംബന്ധിച്ച ജില്ലാ ആസൂത്രണ സമിതിയുടെ നിർദ്ദേശങ്ങൾപാലിക്കാത്തതിനാലും, 7ബോർഡുകൾ എവിടെയാണ് സ്ഥാപിച്ചത് എന്നതിന്റെ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാലും 44500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-26 സബ്സെന്ററുകൾക്ക് ലാപ് ടോപ്-രേഖകൾ ഹാജരാക്കിയില്ല - 144828 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, പ്രൈമറി ഹെൽത്ത് സെന്റർ, പരിയാരം.
പ്രോജക്ട് നമ്പർ, പേര്	150/24, സബ്സെന്ററുകൾക്ക് ലാപ് ടോപ്
അടങ്കൽ	₹50000 (തനത് ഫണ്ട്) ₹100000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) ആകെ : ₹150000/-
ചെലവ്	₹48276 (തനത് ഫണ്ട്) ₹96552 (മെയിന്റനൻസ് ഫണ്ട് റോഡിതരം) ആകെ ₹144828/-

ബിൽ നമ്പർ/തീയതി/തുക.	190/29.9.2023 : ₹48276. 248/21.11.2023 :₹96552.

സബ് സെന്ററുകളുടെ ഭൗതിക സാഹചര്യങ്ങളും, വിവര സാങ്കേതിക സംവിധാനവും സുഗമമാക്കാൻ ലാപ്ടോപ് വാങ്ങിച്ച് നൽകുക എന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം. പ്രോജക്ടിന്റെ നിർവ്വഹണത്തിലുള്ള അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. മേൽ പ്രോജക്ടിന്റെ ഭാഗമായി വാങ്ങിച്ച ലാപ്ടോപ്പിന്റെ ടാക്സ് ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല.

2. പ്രോജക്ടിന്റെ ഭാഗമായി വാങ്ങിയ ലാപ്ടോപ്പുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ 24.9.2010-ലെ 86/2010/FIN Dt.24.9.2010 സർക്കുലർ പ്രകാരമുള്ള സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

3. പ്രോജക്ടിന്റെ ഭാഗമായി വാങ്ങിച്ച ലാപ്ടോപ്പുകൾ അനുവദിച്ചിട്ടുള്ള സബ്സെന്ററുകളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

4. പ്രോജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.30/16.12.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 144828 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-27 പി.എച്ച്.സി.യിലെ താത്കാലിക ജീവനക്കാർക്ക് വേതനം നൽകൽ - രേഖകൾ ഹാജരാക്കിയിട്ടില്ല 663730 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി , പരിയാരം
പ്രോജക്ട് നമ്പർ / പേര്	144/24, പി.എച്ച്.സി.യിലെ താത്കാലിക ജീവനക്കാർക്ക് വേതനം നൽകൽ.
അടങ്കൽ	₹941800 (വികസന ഫണ്ട്)
ചെലവ് (ബിൽ നമ്പർ/തുക)	20/18.05.23 : ₹39200 50/06.06.23 : ₹47040 69/24.06.23 : ₹8500 70/24.06.23 : ₹31450 90/06.07.23 : ₹47040 91/06.07.23 : ₹19550 131/09.08.23 : ₹18700 132/09.08.23 : ₹21560 163/08.09.23 : ₹18700 164/08.09.23 : ₹50960 230/07.11.23 : ₹19550 231/07.11.23 : ₹43120 285/05.12.23 : ₹41160 284/05.12.23 : ₹50960 283/05.12.23 : ₹2550 530/24.03.24 : ₹50960 536/24.03.24 : ₹14450 538/24.03.24 : ₹22950 539/24.03.24 : ₹45080 543/24.03.24 : ₹49000 544/24.03.24 : ₹21250 ആകെ ₹663730

പരിയാരം പി.എച്ച്.സി-യിൽ താത്കാലിക അടിസ്ഥാനത്തിൽ നിയമിച്ച ഡോക്ടർ, ഫാർമസിസ്റ്റ് എന്നിവർക്കുള്ള വേതനം (ഡോക്ടർക്ക് പ്രതി ദിനം 1960രൂപ നിരക്കിലും, ഫാർമസിസ്റ്റിന് പ്രതി ദിനം 850രൂപ നിരക്കിലും) നൽകുക എന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം. പ്രോജക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

(എ) താത്കാലിക നിയമനം നടത്തിയതുമായി ബന്ധപ്പെട്ട ഫയൽ, (ഇന്റർവ്യൂ നടത്തിയതിന്റെ വിശദാംശങ്ങൾ,

യോഗ്യത തെളിയിക്കുന്നതിനാവശ്യമായ രേഖകൾ എന്നിവയുൾപ്പെടെ) നിയമനം സംബന്ധിച്ച ഭരണ സമിതി തീരുമാനം, ഹാജർ പട്ടിക എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

(ബി) പ്രോജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.31/16.12.2024) മറുപടി ലഭ്യമാക്കായിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ 663730 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-28 എൻ.എച്ച്.എം ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ – മുഴുവൻ മരുന്നുകളും ലഭ്യമായില്ല – 240585 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, പ്രൈമറി ഹെൽത്ത് സെന്റർ,പരിയാരം.
പ്രോജക്ട് നമ്പർ, പേര്	80/24, എൻ.എച്ച്.എം ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ.
അടങ്കൽ	₹400000, മെയിന്റനൻസ് ഫണ്ട് റോഡിതരം
ചെലവ്	₹400000 ബിൽനമ്പർ : 247/21.11.2023

എൻ.എച്ച്.എം ഹോമിയോ ഡിസ്പെൻസറിയുടെ മരുന്ന് ദൗർലഭ്യം പരിഹരിക്കുന്നതിന്റെ ഭാഗമായി 4,00,000 രൂപയുടെ ഹോമിയോ മരുന്നുകൾ ഹോംകോയിൽ നിന്ന് വാങ്ങി നൽകുക എന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

(1) മേൽ പ്രോജക്ടിന്റെ ഭാഗമായി മരുന്ന് വാങ്ങുന്നതിന് 4,00,000 രൂപ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് (Homco Ltd) അനുവദിച്ചിട്ടുണ്ട്. തുക കൈമാറി നാളിതുവരെയായിട്ടും 1,59,415 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ഇൻവോയ്സ് നമ്പർ LF-2976 തീയതി 17.02.2024 പ്രകാരം 1,59,415 രൂപയുടെ മരുന്നുകളാണ് ലഭിച്ചിട്ടുള്ളത് (ഇതിൽ 63,103 രൂപ ബോട്ടിലുകളുടെ വിലയാണ്). 2,40,585 (400000 – 159415) രൂപയുടെ മരുന്നുകൾ ഇതുവരെ ലഭ്യമായിട്ടില്ല. മരുന്നുകൾ യഥാസമയം ലഭ്യമാകാത്തത് ആശുപത്രിയുടെ ദൈനം ദിന പ്രവർത്തനങ്ങളെ ബാധിക്കുമെന്നതിനാൽ മരുന്നുകൾ ലഭിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

2. വിതരണം ചെയ്യേണ്ട മരുന്നുകളുടെ വിവരങ്ങൾ അറിയിച്ചു കൊണ്ട് ഹോംകോവിന് നല്കിയ സപ്ലൈ ഓർഡർ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. മരുന്നുകൾക്കൊപ്പം 63,103 രൂപയുടെ ഗ്ലാസ് ബോട്ടിലുകൾ ഹോംകോ വിതരണം ചെയ്തിട്ടുണ്ട്. ആയത് സപ്ലൈ ഓർഡറിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് വ്യക്തമല്ല. എൻ എ സി യിൽ മരുന്നുകളുടെ വിവരങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

3. പ്രോജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.32/16.12.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മുഴുവൻ മരുന്നുകളും ലഭ്യമാകാത്തതിനാൽ 2,40,585 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-29 ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഒരുക്കൽ–ടെണ്ടർ നടപടി ക്രമങ്ങളുടെ സുതാര്യത ഉറപ്പുവരുത്തേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. പരിയാരം.
പ്രോജക്ട് നമ്പർ, പേര്	235/24, ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഒരുക്കൽ (സ്പിൽ ഓവർ)
അടങ്കൽ	₹236447 (ഹെൽത്ത് ഗ്രാന്റ്)

ചെലവ്	₹133882 (ഹെൽത്ത് ഗ്രാന്റ്)
വൗച്ചർ നമ്പർ/തീയതി/തുക	(1) 22300750/13.11.2023 : ₹25536. (2)22300901 /09.01.24 : ₹53312. (3) 22301363/28.3.2024 : ₹13500. (4) 22301364/28.3.2024 : ₹41534.

പരിയാരം ഗ്രാമ പഞ്ചായത്തിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഒരുക്കുക എന്നതാണ് പ്രോജക്ട് ലക്ഷ്യം. പ്രോജക്ട് നിർവഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. മെഡിക്കൽ അനുബന്ധ സാധനങ്ങളുടെ ആവശ്യകതാ നിർണ്ണയവുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല.

2. 8.11.2010-ലെ ജി.ഒ(പി)നം.259/2010/ത.സ്വ.ഭ.വ പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് 25,000 രൂപയ്ക്ക് മുകളിലും 1,00,000 രൂപയിൽ താഴെയും ഉള്ള വാങ്ങൽ നടപടികൾക്ക് ലിമിറ്റഡ് ടെണ്ടറും, 1,00,000 രൂപയ്ക്ക് മുകളിൽ ഓപ്പൺ ടെണ്ടറും സ്വീകരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

പ്രോജക്ടിന്റെ ഭാഗമായി മെഡിക്കൽ അനുബന്ധ സാധനങ്ങൾ വാങ്ങിയതിന്റെ വിശദവിവരം ചുവടെ കൊടുക്കുന്നു.

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്.	ഇൻവോയ്സ് നമ്പർ/ ബിൽ നമ്പർ/തീയ്യതി.	തുക ₹	തുക ഉൾപ്പെടുന്ന/ ബിൽ നമ്പർ
1	KAIRALI PHARMA AND SURGICAL,THALIPARAMBA	2794/2.11.2023.	25536	/13.11.2023/ ₹25536.
2	CROSSMED	CM.23-24/02/25.1.2023.	48160	18.12.2023/ ₹53312.
3	SURGITECH SURGICAL KANNUR	CR531/2023-24/29.2.2024.	13500	/25.3.2024/ ₹13500.
4	KRIPA SURGICAL	5322/26.3.2024	14999	/27.3.2024/ ₹41534.
5	SURGITECH SURGICAL KANNUR	CR604/27.03.24/23-24	12300	/27.3.2024/ ₹41534.
ആകെ			₹114495	

ഒരു പ്രോജക്ടുമായി ബന്ധപ്പെട്ട എല്ലാ വാങ്ങലുകളും ഒന്നായി കണക്കാക്കി ടെണ്ടർ നടപടിക്രമങ്ങളിലൂടെ പർച്ചേസ് നടത്താതെ തുക വേർതിരിച്ച് കാണിച്ച് ക്വട്ടേഷൻ നടപടികളിലൂടെ മെഡിക്കൽ അനുബന്ധ ഉപകരണങ്ങൾ വാങ്ങിയത് ക്രമപ്രകാരമല്ല.

3. പ്രോജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.36/17.12.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. വാങ്ങൽ നടപടി ക്രമങ്ങളുടെ സുതാര്യത ഉറപ്പുവരുത്തുന്നതിന് ടെണ്ടർ നടപടി ക്രമങ്ങൾ പാലിക്കേണ്ടതാണ്. ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-30 പരിയാരം പി.എച്ച്.സി.യിലും,സബ് സെന്ററുകളിലും ഹെൽത്ത് ആന്റ് വെൽനസ്സ് സൗകര്യങ്ങൾ ഒരുക്കൽ-76822രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. പരിയാരം.
പ്രോജക്ട് നമ്പർ, പേര്	250/24, പരിയാരം പി.എച്ച്.സി.യിലും, സബ് സെന്ററുകളിലും ഹെൽത്ത് ആന്റ് വെൽനസ്സ് സൗകര്യങ്ങൾ ഒരുക്കൽ.
അടങ്കൽ	₹434000 (ഹെൽത്ത് ഗ്രാന്റ്)

ചെലവ്	₹167542
വൗച്ചർ നമ്പർ/തീയതി/തുക	(1) 22301069/19.02.2024/₹40500. (2) 22301232/21.3.2024/₹36322. (3) 22301233/21.3.2024/₹10250. (4) 22301315/28.3.2024/₹56860. (5) 22301326/26.3.2024/₹23610.

ഗ്രാമീണ മേഖലയിലെ ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററുകൾ ശക്തിപ്പെടുത്തി സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള പ്രോജക്ടാണിത്. പ്രോജക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

(എ). മെഡിക്കൽ അനുബന്ധ സാധനങ്ങളുടെ ആവശ്യകത നിർണ്ണയവുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല.

(ബി) 8.11.2010-ലെ ജി.ഒ(പി)നം.259/2010/ത.സ്വ.ഭ.വ-പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് 25000 രൂപയ്ക്ക് മുകളിലും 100000 രൂപയിൽ താഴെയും ഉള്ള വാങ്ങൽ നടപടികൾക്ക് ലിമിറ്റഡ് ടെണ്ടറും, 100000 രൂപയ്ക്ക് മുകളിൽ ഓപ്പൺ ടെണ്ടറും സ്വീകരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

പ്രോജക്ടിന്റെ ഭാഗമായി മുകളിൽ പരാമർശിച്ചിട്ടുള്ള ക്രമ നമ്പർ 1-ലെ ബിൽ നമ്പറിൽ ഉൾപ്പെട്ട 40500രൂപ ചെലവഴിച്ച് MY COMPUTER SALES AND SERVICE PAYYANUR എന്ന സ്ഥാപനത്തിൽ നിന്നും പരിയാരം പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് സി പി യു, പ്രിന്റർ, യുപിഎസ് എന്നിവയും, ക്രമ നമ്പർ 2-ലെ ബിൽ നമ്പറിൽ ഉൾപ്പെട്ട 36322 രൂപ ചെലവഴിച്ച് SURGI TECH SURGICALS KANNUR എന്ന സ്ഥാപനത്തിൽ നിന്നും മെഡിക്കൽ അനുബന്ധ സാധനങ്ങളും ക്വട്ടേഷൻ നടപടികളിലൂടെ വാങ്ങിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

(സി) പ്രോജക്ടിന്റെ ഭാഗമായി വാങ്ങിയ സാധനങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ 24.9.2010-ലെ 86/2010/FIN Dt.24.9.2010 സർക്കുലർ പ്രകാരമുള്ള സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല
ഡി) പ്രിന്റർ ഇൻസ്റ്റാൾ ചെയ്തതുമായി ബന്ധപ്പെട്ട സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

(ഇ) പ്രോജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.37/17.12.2024) മറുപടി ലഭ്യമാക്കാത്തതിനാൽ 76822 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-31 പെയിൻ ആന്റ് പാലിയേറ്റീവ് -പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും ഹാജരാക്കിയിട്ടില്ല - 19990 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഗ്രാമ പഞ്ചായത്തിലെ കിടപ്പിലായ മുഴുവൻ ആളുകൾക്കും വീട്ടിൽ ചെന്ന് പരിചരണം ലഭ്യമാക്കുക എന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം.

നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.പരിയാരം.
പ്രോജക്ട് നമ്പർ, പേര്	140/24, പെയിൻ ആന്റ് പാലിയേറ്റീവ് .
അടങ്കൽ	₹827115 (വികസന ഫണ്ട്)
ചെലവ്	₹547302

പ്രോജക്ട് നിർവഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

(എ) സ.ഉ(സാധാ)നം.3217/2015/ത.സ്വ.ഭ.വ തീയതി.29.10.2015 ലെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 2.5.6 അനുസരിച്ച് പാലിയേറ്റീവ് നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേരു വിവരം തദ്ദേശ ഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടോ എന്ന് അറിയിച്ചിട്ടില്ല.

(ബി) 15.6.2023-ലെ ബിൽ നം 56-ൽ ഉൾപ്പെട്ട 5040 രൂപ പാലിയേറ്റീവ് നഴ്സിന്റെ 1.2.2022 മുതൽ 31.3.2022 വരെയുള്ള കാലയളവിലെ കുടിശിക വേതനം അനുവദിച്ചതാണെന്ന് പറയുന്നുണ്ട്. ആയതിന്റെ ഡ്യൂ-ഡ്രോൺ സ്റ്റേറ്റ്മെന്റ്

ഹാജരാക്കിയിട്ടില്ല.

(സി) മേൽ പ്രോജക്ടിന്റെ ഭാഗമായി ബിൽ നമ്പർ 106/20.7.2023 ൽ ഉൾപ്പെട്ട 14950 രൂപയുടെ ചെലവ് സംബന്ധിച്ച മൂഴവൻ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

(ഡി) പാലിയേറ്റീവ് നഴ്സിന്റെ ഹാജർ പുസ്തകം ഹാജരാക്കിയിട്ടില്ല.

(ഇ) പ്രോജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.38/17.12.2024) മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 19990 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-32 തുമ്പൂർമൊഴി ഏറോബിക് കംപോസ്റ്റ് യൂണിറ്റ് – പ്രവർത്തനം ആരംഭിച്ചിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
പ്രോജക്ടിന്റെ നമ്പർ, പേര്	205/24 – തുമ്പൂർമൊഴി ഏറോബിക് കംപോസ്റ്റ് യൂണിറ്റ്
അടങ്കൽ	₹378000 - കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം ₹162000 - തനത് ഫണ്ട് **ആകെ ₹540000**
കരാറുകാരൻ	ശ്രീ.കെ.എം. സുവർണ്ണകുമാർ
ടെണ്ടർ നിരക്ക്	0.1% കുറവ്
ആകെ പ്രവൃത്തി മൂല്യം	₹399664.08
ടെണ്ടർ നിരക്കിൽ പരിമിതപ്പെടുത്തിയ തുക	399264.42
ചെലവ്	കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം- ₹308333 തനത് ഫണ്ട് : ₹162000 ആകെ ചെലവ് : ₹470333
എം. ബുക്ക് നമ്പർ	LSGD/CELSGD/MB/51466/2022-5-1-1
ബിൽ നമ്പർ/വൗച്ചർ നമ്പർ, തീയ്യതി	1) 261/24-11-2023 : ₹1,62,000 2) 27578610/16-10-2023 : ₹308333

പരിയാരം ഗ്രാമ പഞ്ചായത്തിലെ ഇരുപത് ഏക്കർ (പുളിയൂൽ) എന്ന സ്ഥലത്ത് സ്ഥാപിച്ച തുമ്പൂർമൊഴി ഏറോബിക് കംപോസ്റ്റ് യൂണിറ്റിന്റെ നിർമ്മാണത്തിനു വേണ്ടി മേൽ സൂചിപ്പിച്ച പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. മരാമത്ത് പ്രവർത്തികൾ പൂർത്തിയാക്കി ഒക്ടോബർ 2ന് ഉദ്ഘാടനം ചെയ്യപ്പെട്ടെങ്കിലും മാലിന്യം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് സമാഹരിച്ച് യൂണിറ്റിൽ സംസ്കരിക്കുന്ന പ്രവൃത്തികൾ ഇതേ വരെ ആരംഭിച്ചിട്ടില്ല. യൂണിറ്റ് പൂർണ്ണമായും പ്രവർത്തനക്ഷമമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-33 കുട്ടികൾക്ക് നീന്തൽ പരിശീലനം – നിർവ്വഹണത്തിലെ അപാകങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെഡ്മിസ്ട്രസ്

പ്രൊജക്ട് നമ്പർ/പേര്	231/24- കുട്ടികൾക്ക് നീന്തൽ പരിശീലനം (സ്പിൽ ഓവർ)
അടങ്കൽ	₹1,00,000 - വികസനഫണ്ട് പൊതുവിഭാഗം
ചെലവ്	₹94,500 - വികസനഫണ്ട് പൊതുവിഭാഗം
ബിൽ നമ്പർ/തീയതി, തുക	05/09.05.2023 : ₹92,500/- 112/ 21.07.2023 : ₹2000/-

ദുരന്ത നിവാരണ പദ്ധതിയുടെ ഭാഗമായി കുട്ടികളിൽ കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിന് നീന്തൽ പരിശീലനം സംഘടിപ്പിക്കുക എന്നതാണ് പ്രോജക്ട് ലക്ഷ്യം. 26.07.2023 ലെ സ.ഉ (സാധാ) നം.1528/2023/ തസ്വഭവ പ്രകാരം നീന്തൽ പരിശീലകനായി നിയമിക്കപ്പെടുന്ന വ്യക്തിക്ക് എൻ എസ് സർട്ടിഫിക്കേറ്റ് (6 ആഴ്ച) യോഗ്യത ഉണ്ടായിരിക്കേണ്ടതാണ്. ഇവരുടെ അഭാവത്തിൽ സംസ്ഥാനതല മെഡൽ ജേതാവിനെയും പരശീലകനായി തെരഞ്ഞെടുക്കാവുന്നതാണ്. ഒരു മണിക്കൂർ ദൈർഘ്യമുള്ള സെഷനുകളായി തിരിച്ച് 400 രൂപ നിരക്കിൽ 30 സെഷനുകളായാണ് പരിശീലനം നടത്തേണ്ടത്. പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകളുണ്ട്.

1) നീന്തൽ പരിശീലനം നടത്തുന്നതിനായുള്ള ഇൻസ്ട്രക്ടറെ തെരഞ്ഞെടുക്കുന്നതിനായി പത്രപ്പരസ്യം നല്കുകയും രണ്ടുപേർ അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ അപേക്ഷകരുടെ പ്രായോഗിക പരിചയം സംബന്ധിച്ച വിവരങ്ങളല്ലാതെ സർക്കാർ നിശ്ചയിച്ച യോഗ്യതയുണ്ടെന്ന് തെളിയിക്കുന്നതിനാവശ്യമായ രേഖകളോ പ്രായോഗിക പരിചയം തെളിയിക്കുന്നതിനാവശ്യമായ രേഖകളോ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.
2) പ്രോജക്ടിനോടൊപ്പം ഹാജരാക്കിയ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ 55 കുട്ടികളേ ഉൾപ്പെട്ടിട്ടുള്ളൂ (07.01.2023 ലെ 5/2023(2) നമ്പർ തീരുമാനം). എന്നാൽ 185 കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകിയിട്ടുണ്ടെന്നാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. കൂടുതൽ പേരെ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റോ ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം സംബന്ധിച്ച വിവരങ്ങളോ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.
3) 185 കുട്ടികളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ ഹാജർ പുസ്തകം ഹാജരാക്കിയിട്ടുണ്ടെങ്കിലും എല്ലാ കുട്ടികളും എല്ലാ ദിവസവും പരിശീലനത്തിനായി ഹാജരായിട്ടില്ലെന്നാണ് ആയതിലെ രേഖപ്പെടുത്തലുകളിൽ നിന്ന് വ്യക്തമാകുന്നത്. പരമാവധി 15 ദിവസത്തെ പരിശീലനമാണ് നല്കിയത്.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 05/11.12.2024) 2021-22 വാർഷിക പ്രൊജക്ടിൽ തിരഞ്ഞെടുത്ത അതേ വ്യക്തിയെ (ശ്രീമതി. സ്വപ്ന പി വി) തന്നെയാണ് ഈ പ്രൊജക്ടിലും തിരഞ്ഞെടുത്തതെന്നും 185 കുട്ടികളുള്ളതിനാൽ ക്ലബ്ബിന്റെ പരിശീലകരും ഇൻസ്ട്രക്ടറെ സഹായിച്ചിരുന്നെന്നും അറിയിച്ചിട്ടുണ്ട്. ഒരു കുട്ടിക്ക് 150 രൂപ നിരക്കിൽ 27750 രൂപ ലഘു ഭക്ഷണ ചെലവാണെന്നും 65000 രൂപയാണ് പരിശീലകയ്ക്ക് നൽകിയെതെന്നും മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വിഷയം എക്സിറ്റ് മീറ്റിംഗിൽ അവതരിപ്പിച്ചപ്പോൾ ഒഴിവു ദിവസങ്ങളിൽ കൂടുതൽ സമയം പരിശീലനം നല്കിയിട്ടുണ്ടെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചത്.
പ്രോജക്ട് നടപ്പിലാക്കുമ്പോൾ മേൽ സർക്കാർ ഉത്തരവിനു വിധേയമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത കുട്ടികളെ തെരഞ്ഞെടുത്ത നടപടി സാധൂകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും അനുബന്ധ രേഖകൾ ഹാജരാക്കേണ്ടതുമാണ്.

1-34 സകർമ്മ മീറ്റിംഗ് മിനുട്സ് അംഗീകരിക്കാൻ കാലതാമസം വരുന്നു

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതിയോഗങ്ങൾ ഓൺലൈൻ ആക്കുന്നതിനായി ഐ.കെ.എം. വികസിപ്പിച്ച സകർമ്മ ആപ്ലിക്കേഷൻ സ.ഉ(സാധാ.) 3630/2015/തസ്വഭവ തീയതി 3.12.2015 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ വിന്യസിച്ചിരുന്നു. എന്നാൽ സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണസമിതിയോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ മിനിറ്റ്സ് പൂർത്തീകരിക്കുന്നതിൽ 1995-ലെ കേരള

പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26 പ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല എന്ന് വ്യക്തമായി. ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്നുദിവസത്തിനകം സെക്രട്ടറി മിനിറ്റ്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ മിനിറ്റ്സ് തയ്യാറാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ഭരണസമിതി യോഗം ചേർന്ന തീയതി	സെക്രട്ടറി മിനിറ്റ്സ് തയ്യാറാക്കി അംഗീകാരത്തിനായി അയച്ച തീയതി
15.09.23	28.11.23
17.10.23	24.11.23
8.11.23	26.12.23
09.01.24	16.02.24
18.01.24	24.02.24
02.03.24	24.05.24
06.03.24	15.05.24
30.03.24	15.05.24

നടപടിക്രമങ്ങളിൽ സുതാര്യത ഉറപ്പാക്കുന്നതിനാണ് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയത് എന്നിരിക്കേ യോഗങ്ങളുടെ മിനിറ്റ്സ് പൂർത്തിയാക്കുന്നതിൽ ഇത്രയധികം കാലതാമസം ഉണ്ടാകുന്നത് ഉചിതമല്ല. അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-35 റിവോൾവിംഗ് ഫണ്ട്- തുടർ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല

2017-18 സാമ്പത്തിക വർഷം മുതൽ വി ഇ ഒ, കൃഷി ഓഫീസർ, വെറ്റിനറി സർജൻ തുടങ്ങിയ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ സമൃദ്ധി റിവോൾവിംഗ് ഫണ്ട് എന്ന പ്രോജക്ടിന്റെ ഭാഗമായി വിവിധ സംരംഭങ്ങൾ തുടങ്ങുന്നതിനായി ഗുണഭോക്താക്കൾക്ക് നല്കിയ വികസന ഫണ്ടിൽ തിരിച്ചടക്കപ്പെട്ട തുക നിർവ്വഹണ ഉദ്യോഗസ്ഥരുടെ അക്കൗണ്ടിൽ നിഷ്ക്രിയമായിട്ടാണുള്ളത്. പ്രസ്തുത ഫണ്ട് ഉപയോഗപ്പെടുത്തി തുടർ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. കൃഷി ഓഫീസറുടെ അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ടായിരുന്ന 2208 രൂപ ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടക്കുകയാണ് ചെയ്തത്. 31.03.2024 തീയതിയിൽ മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ ഈ ആവശ്യത്തിനായി തുടങ്ങിയ ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	ബാങ്ക് അക്കൗണ്ട് നമ്പർ	31.03.2024 തീയതിയിലെ നീക്കിയിരിപ്പ് (₹)
വി ഇ ഒ	9036, കൃഷ്യേരി സർവ്വീസ് സഹകരണ ബാങ്ക്	24,339
വെറ്റിനറി സർജൻ	1301197008932 കൃഷ്യേരി സർവ്വീസ് സഹകരണ ബാങ്ക്	5,92,735

വികസന ഫണ്ട് ഉപയോഗപ്പെടുത്തി നടപ്പിലാക്കിയ പദ്ധതികൾ ആയതിനാൽ തിരിച്ചടച്ച തുക തനതു ഫണ്ടിൽ സൂക്ഷിക്കുന്നത് ശരിയായ നടപടിയല്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ അക്കൗണ്ടുകളിൽ നീക്കിയിരിപ്പുള്ള തുക ഉപയോഗപ്പെടുത്തി പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിക്കപ്പെട്ടതു പ്രകാരമുള്ള തുടർ പദ്ധതികൾ ആവിഷ്കരിക്കേണ്ടതും പദ്ധതി ലക്ഷ്യം കൈവരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

1-36 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ -പരിയാരം ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ

ആമുഖം

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 166-ാം വകുപ്പ് ഒന്നാം ഉപവകുപ്പ് പട്ടിക മൂന്ന് പ്രകാരം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളിൽ മാലിന്യ സംസ്കരണവും കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണവും ഉൾപ്പെട്ടിട്ടുള്ളതാണ്. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ വീടുകളിലും സ്ഥാപനങ്ങളിലും പൊതു ഇടങ്ങളിലും രൂപപ്പെടുന്ന അജൈവ പാഴ് വസ്തുക്കൾ ശേഖരിച്ച് തരംതിരിച്ച് സംഭരിച്ച് പുനരുപയോഗത്തിനും പുന:ചംക്രമണത്തിനും കൈമാറുന്നതിനും മാലിന്യ സംസ്കരണം സംരംഭ മാതൃകയിൽ നടപ്പിലാക്കുന്നതിനും വേണ്ടി ഹരിതകേരളം മിഷന്റെ ഭാഗമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ കുടുംബശ്രീയുടെ മേൽനോട്ടത്തിൽ രൂപം നല്കിയ സംവിധാനമാണ് ഹരിതകർമ്മസേന.

സ.ഉ(ആർ.ടി)നം.1496/2020/തസ്വഭവ, തീയതി 12.08.2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളെക്കുറിച്ച്

പ്രത്യകമായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വങ്ങൾ വ്യക്തമാക്കികൊണ്ട് സ.ഉ(ആർ.ടി) 880/2021/തസ്വഭവ, തീയതി 16.04.2021, സ.ഉ (ആർ.ടി) 949/2021/തസ്വഭവ, തീയതി 05.05.2021 എന്നീ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്.

മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചംക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുക എന്നതാണ് ഈ ക്യാമ്പയിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. ആയതിലേക്കായി പൗരൻമാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിത കർമ്മസേന, ഹരിത സഹായ സ്ഥാപനം, ക്ലീൻ കേരള കമ്പനി, ഹരിത കേരള മിഷൻ എന്നിവയുടെ ചുമതലകൾ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

ജൈവമാലിന്യം ഉറവിടത്തിൽ തന്നെ പരിപാലിക്കുക, അജൈവ മാലിന്യം ശേഖരിച്ച് പുന:ചംക്രമണ വിധേയമാക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുക എന്നിവ ആയിരിക്കണം ഓരോ പ്രദേശത്തേയും മാലിന്യ വിമുക്തമാക്കുന്നതിനായി ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ സമീപനം.

പരിയാരം ഗ്രാമപഞ്ചായത്ത് – അടിസ്ഥാന വിവരങ്ങൾ

ഗ്രാമപഞ്ചായത്തിൽ 18 വാർഡുകളാണുള്ളത്. ആകെ ജനസംഖ്യ 33011. ആൾത്താമസമുള്ള വീടുകളുടെ എണ്ണം 9720 ഉം പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം 570 ഉം ആണ്.

ഹരിതകർമ്മസേന, യൂസർ ഫീസ്

ഒരു വാർഡിൽ രണ്ടുപേർ എന്ന കണക്കിൽ 36 അംഗങ്ങളാണ് ഹരിതകർമ്മസേനയുടെ ഭാഗമായി പ്രവർത്തിച്ചു വരുന്നത്. 2023-24 സാമ്പത്തിക വർഷം ഹരിത കർമ്മസേനയ്ക്ക് 48 ലക്ഷം രൂപയോളം യൂസർഫീസ് ഇനത്തിൽ വരുമാനം ലഭിച്ചിട്ടുണ്ട്. ഹരിതകർമ്മസേനാംഗങ്ങൾക്ക് ചുരുങ്ങിയത് 10000 രൂപ മാസവരുമാനം ലഭിക്കുന്നുണ്ട്.

അഗതി, അതിദരിദ്ര കുടുംബങ്ങളെ യൂസർഫീസ് നല്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം പ്രസ്തുത വിഭാഗത്തിൽ പെടുന്നവരുടെ യൂസർഫീസ് നല്കുന്നതിനായി 245/24 നമ്പർ പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങിയിരുന്നുവെങ്കിലും (അടങ്കൽ 60000രൂപ) പദ്ധതി നടപ്പിലാക്കിയിട്ടില്ല.

മാലിന്യ ശേഖരണം

എല്ലാ തരം പ്ലാസ്റ്റിക്ക് മാലിന്യങ്ങളും എല്ലാ മാസവും ശേഖരിക്കുന്നുണ്ട്. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന പാഴ്വസ്തുക്കൾ ഉറവിടത്തിൽ തന്നെ HM, MLP, LD, PP, Milk Cover, Super LD, PP2,Road Waste എന്നിങ്ങനെ തരംതിരിച്ച് മിനി എം.സി.എഫുകളിൽ എത്തിച്ച് ലിഫ്റ്റിംഗ് പ്ലാൻ പ്രകാരം എം സി എഫിൽ എത്തിക്കുകയാണ് ചെയ്യുന്നത്. ഇ വേസ്റ്റ്, ചെരിപ്പ്, തുണി,തെർമ്മോക്കോൾ, ആപൽക്കരമായ മാലിന്യങ്ങൾ, ഉപയോഗ ശൂന്യമായ വാഹന ടയർ, കുപ്പി, ചില്ല് തുടങ്ങിയ മറ്റ് മാലിന്യങ്ങൾ ശേഖരണ കലണ്ടറിൽ പറഞ്ഞതു പ്രകാരമുള്ള മാസങ്ങളിലും ശേഖരിക്കുന്നുണ്ട്. മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി ഇലക്ട്രിക്ക് വാഹനം വാങ്ങിയിട്ടുണ്ട്.

ലെഗസി മാലിന്യങ്ങൾ

മഴക്കാല പൂർവ്വ ശുചീകരണം, ഒക്ടോബർ 2 ന് നടത്തുന്ന പ്രത്യേക ശുചീകരണം ഇവയുടെ ഭാഗമായി പാതയോരങ്ങൾ , പൊതു ഇടങ്ങൾ, ജലസ്രോതസ്സുകൾ എന്നിവിടങ്ങളിൽ നിന്നും ശേഖരിക്കുന്ന ലെഗസി മാലിന്യങ്ങൾ എം സി എഫിൽ എത്തിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നു.

ബോധവൽക്കരണം

മാലിന്യ സംസ്കരണ രീതികളെ കുറിച്ച് ജനങ്ങൾക്ക് ബോധവൽക്കരണം നല്കുന്നതിനായി വീടുകളെ ക്ലസ്റ്ററുകളായി തിരിച്ച് 160 ഓളം വീട്ടുമുറ്റ സദസ്സുകൾ നടത്തിയിട്ടുണ്ട്. കൂടാതെ 8 സ്കൂളുകളിൽ ഹരിത പാഠശാലകളും നടത്തുകയുണ്ടായി. നിരത്തുകൾ,പൊതു ഇടങ്ങൾ എന്നിവിടങ്ങളിൽ മാലിന്യം തള്ളിയതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് വാട്ട്സ് ആപ്പ് നമ്പർ മുഖേനയും ജനപ്രതിനിധികൾ വഴിയും ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ 119000 രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്.

പരിശീലനം

പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ തരംതിരിക്കുന്നതുമായി ബന്ധപ്പെട്ട് 2023 ഒക്ടോബർ മാസം ക്ലീൻ കേരള കമ്പനിയുടെ നേതൃത്വത്തിലും 2024 ജനുവരി മാസം ബ്ലോക്ക് കോ ഓർഡിനേറ്റർ, റിസോഴ്സ് പേഴ്സൺസ് എന്നിവരെ ഉൾപ്പെടുത്തിയും ഹരിതകർമ്മസേനാംഗങ്ങൾക്ക് പരിശീലനം നല്കിയിട്ടുണ്ട്.

ഹരിതമിത്രം ആപ്പ്

ഹരിതകർമ്മസേനയുടെ പ്രവർത്തനം ഹരിതമിത്രം ആപ്പ് വഴി വിലയിരുത്തുന്നു. ഹരിതമിത്രം ആപ്പ് പ്രവർത്തനത്തിന്റെ ഭാഗമായി 174120 രൂപ ചെലവഴിച്ച് വീടുകളിലും സ്ഥാപനങ്ങളിലും ക്യൂ ആർ കോഡ് പതിപ്പിക്കൽ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്(പ്രോജക്ട് നമ്പർ 246/24).

എം സി എഫ്,ബെയ്ലിംഗ് മെഷീൻ

ഗ്രാമപഞ്ചായത്ത് പരിധിയിൽ 47 മിനി എം സി എഫുകളും 2 എം സി എഫുകളും പ്രവർത്തിക്കുന്നുണ്ട്. അമ്മാനപ്പാറ (2583 ചതുരശ്ര അടി), നെല്ലിപ്പറമ്പ് (1330.74 ചതുരശ്ര അടി) എന്നിവിടങ്ങളിലാണ് എം സി എഫുകൾ ഉള്ളത്. അമ്മാനപ്പാറയിലെ എം സി എഫിൽ ബേയ്ലിംഗ് മെഷീൻ സ്ഥാപിച്ചിട്ടുണ്ട് (പ്രോജക്ട് നമ്പർ 178/24, ചെലവ് ₹438960). ഹെവി വെഹിക്കിൾ കടന്നുപോകുന്നതിനുള്ള റോഡ് സൗകര്യം ഇവിടെ ഉണ്ട്.

സഹായ ഉപകരണങ്ങൾ

ഹരിതകർമ്മസേനാംഗങ്ങൾക്ക് മാസ്ക്,കൈയ്യുറ,ഗംബൂട്ട്,യൂനിഫോം തുടങ്ങിയവ വിതരണം ചെയ്തിട്ടുണ്ട് (പ്രോജക്ട് നമ്പർ 142/24- ചെലവ് ₹53100) .

ക്ലീൻ കേരള കമ്പനി

ക്ലീൻ കേരള കമ്പനി മുഖേനയാണ് പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ കൈയ്യോഴിയുന്നത്. ആയതിനു വേണ്ടി ഗ്രാമപഞ്ചായത്തും ക്ലീൻ കേരള കമ്പനിയുമായി ഉണ്ടാക്കിയ കരാർ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. ക്ലീൻ കേരള കമ്പനിക്ക് തരംതിരിച്ച പ്ലാസ്റ്റിക്ക് കൈമാറിയതിലൂടെ ഹരിതകർമ്മസേനയ്ക്ക് 2023-24 സാമ്പത്തിക വർഷം270661 രൂപ ലഭിച്ചിട്ടുണ്ട്. ലെഗസി മാലിന്യങ്ങൾ കൈയ്യൊഴിയുന്നതിനായി 196900 (പ്രൊജക്ട് നമ്പർ 133/24) രൂപ ക്ലീൻ കേരള കമ്പനിക്ക് നല്കിയിട്ടുണ്ട്.

ഉപസംഹാരം

2023-24 സാമ്പത്തിക വർഷമാണ് ബെയ്ലിംഗ് മെഷീൻ വാങ്ങിയത്. ആയത് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ത്രീഫേസ് കണക്ഷൻ ലഭ്യമായത് 2024-25 സാമ്പത്തിക വർഷം മാത്രമാണ്. ആയതിനാൽ ഓഡിറ്റ് വർഷം ബെയിൽ ചെയ്യാത്ത പ്ലാസ്റ്റിക്കുകളാണ് ക്ലീൻ കേരള കമ്പനിക്ക് നല്കിയിട്ടുള്ളത്. ഹരിതമാംഗല്യം, ഇനോക്കുലം യൂനിറ്റ് തുടങ്ങിയ സംരംഭ പ്രവർത്തനങ്ങളും ഹരിതകർമ്മസേന നടത്തുന്നുണ്ട്. ആയതിലൂടെ വരുമാന വർധന നേടാൻ സാധിക്കുന്നുണ്ട്.

ഭാഗം -2

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 ലൈസൻസ് ഫീസ് ഈടാക്കിയതിലെ അപാകത - 5700 രൂപയുടെ വരവു നഷ്ടം

31.10.2017 ലെ ജി.ഒ.(പി) 80/2017 പ്രകാരം ഭേദഗതി വരുത്തിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളെ അവയുടെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസുകളായി തരം തിരിച്ച് ഓരോന്നിനും ബാധകമായ (പട്ടിക 2 ൽ പ്രതിപാദിച്ച പ്രകാരമുള്ള) ലൈസൻസ് ഫീസാണ് ഈടാക്കേണ്ടത്.

ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയും ഭരണ സമിതിയും അംഗീകരിച്ച ലൈസൻസ് ഫീ സ്ലാബുകളുടെ തീരുമാനം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രസ്തുത തീരുമാനത്തെ അടിസ്ഥാനമാക്കി മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയ ലൈസൻസ് ഫീ സ്ലാബുകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചപ്പോൾ താഴെപറയുന്ന സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് കുറവായാണ് ഈടാക്കിയിട്ടുള്ളത് എന്ന് കാണുകയുണ്ടായി.

ലൈസൻസ് ഫീ ഡിമാന്റ് രജിസ്റ്ററിലെ ക്രമ നമ്പർ	കെട്ടിട നമ്പർ	ഉടമയുടെ പേര്/സ്ഥാപന വിവരം	രേഖപ്പെടുത്തിയ മൂലധന നിക്ഷേപം (രൂപയിൽ)	ഈടാക്കിയ ലൈസൻസ് ഫീസ്(₹), രശീതിനമ്പർ/ തീയതി	ഈടാക്കേണ്ട ലൈസൻസ് ഫീ(₹)	കുറവ് (₹)
14	6/250 എഫ്	ദിനേശ് മീനക്കട /സി എം ട്രേഡിംഗ് കമ്പനി	15 ലക്ഷം	₹500 1230100022/ 05.04.2023	1000	500
351	5/299 എച്ച്,ജെ,കെ	നൗഷാദ് ഓലിയൻ/ കെൻസ് ഹോട്ട് ആന്റ്കൂൾ	12 ലക്ഷം	₹500 1230102774/ 17.08.2023	1000	500
354	5/ 52 ബി	രാജീഷ് കരിമ്പം / റോയൽ ട്യൂ വീലർ വർക്ക് ഷോപ്പ് ആന്റ് സ്പെർ പാർട്ട്സ്	10 ലക്ഷം	₹300 1230102736/ 16.08.2023	500	200

434	5/55 വി	രാജേഷ് പി / പറവ പെറ്റ്സ് ആന്റ് അക്വേറിയം	60 ലക്ഷം	₹500 1230104118/ 30.10.2023	5000	4500
				ആകെ		₹5700

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (06/ 11.12.2024) മറുപടി നല്കിയിട്ടില്ല. ലൈസൻസ് ഫീ ഇനത്തിൽ കുറവ് വന്ന തുക മേൽ സ്ഥാപന ഉടമകളിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

ഭാഗം –3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3–1 ഗ്രാമ പഞ്ചായത്ത് മീറ്റിങ്ങ് ഹാൾ നവീകരണം– അപാകങ്ങൾ – 112270 രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി ഗ്രാമ പഞ്ചായത്ത്
പ്രോജക്ടിന്റെ നമ്പർ/പേര്	07/24 ഗ്രാമ പഞ്ചായത്ത് മീറ്റിങ്ങ് ഹാൾ നവീകരണം
അടങ്കൽ	₹8,00,000 വികസന ഫണ്ട് – ധനകാര്യ കമ്മീഷൻ അവാർഡ് ₹5,70,000 തനത് ഫണ്ട് ആകെ ₹13,70,000
ചെലവ് (ബിൽ നമ്പർ തീയതി തുക)	₹800000 : 467/19.03.2024 ₹485151 : 583/26.03.2024 **ആകെ : ₹1285151**

ഗ്രാമ പഞ്ചായത്ത് മീറ്റിങ്ങ് ഹാളിൽ മീറ്റിങ്ങിൽ പങ്കെടുക്കുന്നവർക്ക് ഇരിപ്പിടം (മേശ,കസേര) ഒരുക്കുന്നതിനും, മിനി സ്റ്റേജ് ഡയസ് എന്നിവ സ്ഥാപിക്കുന്നതിനും അതുവഴി മീറ്റിങ്ങ് ഹാളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും ഉള്ള പദ്ധതിയാണ് നടപ്പിലാക്കിയത്.
ഫർണ്ണിച്ചർ വാങ്ങുന്നതിന് പുറമേ സിവിൽ പ്രവൃത്തികളായ വാൾ പാനലിംഗ്, വാൾ പാർട്ടീഷൻ, ഡോറുകൾ സ്ഥാപിക്കൽ, സ്റ്റേജ് നിർമ്മാണം, സീലിംഗ് നിർമ്മാണം തുടങ്ങിയവയും പ്രോജക്ടിൽ ഉൾപ്പെട്ടിട്ടുണ്ട്. അതുകൊണ്ടു തന്നെ അസിസ്റ്റന്റ് എഞ്ചിനീയറുടെ മേൽനോട്ടം പ്രവൃത്തിയിൽ ആവശ്യമായിരുന്നു.
പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. 18.03.2024 ലെ സെക്രട്ടറിയുടെ കത്ത് പ്രകാരം ബിൽ തുക അനുവദിക്കുന്നതിന് വേണ്ടി പ്രവൃത്തിയുടെ വാല്വേഷൻ തയ്യാറാക്കി നൽകുന്നതിന് അസി.എഞ്ചിനീയർ, എൽ എസ്.ജി.ഡി. പരിയാരത്തിന് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും വാല്വേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാകുന്നതിന് മുമ്പ തന്നെ മുഴുവൻ തുകയും റബ്കോയ്ക്ക് നല്കി.

2. പ്രവൃത്തിയിലൂടെ സ്ഥാപിച്ച സാധനങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. സചിത്ര സോഫ്റ്റ് വെയർ അപ്ലിക്കേഷൻ മുഖേന വിശദാംശങ്ങൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

3. ഹാളിലെ ജിപ്സം വർക്ക് ചെയ്യുന്നതിന് വേണ്ടി ₹69678 യുടെ ബിൽ റബ്കോ ലഭ്യമാക്കിയിട്ടുണ്ട്. ആദ്യം തയ്യാറാക്കിയ പ്രോജക്ടിൽ ഇല്ലാതിരുന്ന പ്രസ്തുത ഇനം റിവിഷൻ സമയത്ത് ഉൾപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. മറ്റ് പ്രവൃത്തികൾ നല്ലരീതിയിൽ പൂർത്തീകരിച്ചതിനാൽ ഈ ഇനവും റബ്കോ മുഖേന നടപ്പിലാക്കാമെന്നും റിവിഷൻ സമയത്ത് ഉൾപ്പെടുത്താമെന്നുമുള്ള ഭരണസമിതി തീരുമാനത്തിന്റെ (പി ആർ നമ്പർ 35/24(1) തീയതി 07.02.2024) അടിസ്ഥാനത്തിലാണ് റബ്കോ മുഖേന പ്രവൃത്തി നടപ്പാക്കിയത്.
ജിപ്സം സീലിംഗ് നിർമ്മിക്കുന്നതിനായുള്ള പ്രസ്തുത ഇനം ടെണ്ടർ നടപടിക്രമങ്ങൾ ഇല്ലാതെ ചെയ്യുന്നതിന് റബ്കോയ്ക്ക് അനുവാദമില്ലാത്തതാണ്. പ്രസ്തുത പ്രവൃത്തിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. റബ്കോ നല്കിയ ബില്ലിൽ ചെയ്ത പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയിട്ടില്ല. പ്രവൃത്തിയുടെ ഡ്രോയിംഗും,വാല്വേഷൻ സർട്ടിഫിക്കറ്റും ഫയലിൽ

ഉൾപ്പെടുത്തിയിട്ടില്ല.

4. പദ്ധതിയുടെ മോണിറ്ററിങ്ങ് റിപ്പോർട്ട്, പൂർത്തീകരണ പത്രം എന്നിവ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

പദ്ധതി നടത്തിപ്പിലെ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനും അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്വേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിനുമായി ഓഡിറ്റ് അന്വേഷണം (നമ്പർ 10/11.12.2024) നല്കിയതിനെ തുടർന്ന് അസിസ്റ്റന്റ് എഞ്ചിനീയർ വാല്വേഷൻ നടത്തി റിപ്പോർട്ട് ഹാജരാക്കിയിട്ടുണ്ട്. ആയത് അടിസ്ഥാനമാക്കി കണക്കാക്കിയ റബ്കോയ്ക്ക് അധികം നല്കിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ബില്ലിലെ ക്രമ നമ്പർ	ഇനം	സ്ഥാപിച്ച അളവ്(വാല്വേഷൻ സർട്ടിഫിക്കറ്റ് പ്രകാരം)	ബിൽ പ്രകാരമുള്ള അളവ്	വ്യത്യാസം	റിമാർക്സ്
5	Stage As Per Drawing (Sl No 36 In Approved Price List)	9.036sq.M	12.5sq.M	3.464sq.M @7582/ Sq.M =₹26264 Add 18% Gst 4728 **₹30992**	
7	Dais (Rate/ Addl Seat) (Sl.No.125 In Approved Price List)	21 (3 Seater Dais -3 Nos And 4 Seater Dais -3 Nos)-61cm Length * 45cm Width * 76 Cm Height	23 (61cm Length * 61cm Width * 76 Cm Height)	23-21=2 2@8126/ Seat = 16252 Add 18%Gst 2925 **₹19177**	5 Seater Rate, Width Different (45 Cm)
10	Partition As Per Drawing(sl No.23)	7.485sq.M	9sq.M	1.515sq.M @5636/ Sq.M = 8539 Add 18% Gst 1537 **₹10076**	Ordinary Glass Partition For Windows. But Rate Given Is For Wood And Glass Partition
11	Partition As Per Drawing(sl No.23)	0.979sq.M	3sq.M	2.021sqm @5636/ Sq.M =11390 Add 18%Gst 2050 **₹13440**	Wood And Glass Partition. Door Portion Not Deducted
12	Door For Partition(with	2numbers 0.89*2.08& 0.69*2	2numbers (1.92L*0.84W)	1.619sq.M Difference	Loss Couldn't Be Worked

	Door Closer) (Sl No 40)	Total 3.232sq.M **Without Door Closers**	With Door Closer =1.6128sq.M (@18482+18%Gst/ Each Door =@ 21809/Door)	In Area+ Rate Of 2 Door Closers	Out (ഡോർ ക്ലോസർ ഇല്ലാത്ത നിരക്ക് പ്രൈസ് ലിസ്റ്റിൽ ഇല്ല)
8	Panelling As Per Drawing(sl No. 34)	55.512sq.M	69.9sq.M	14.388sq.M @4603/ Sq.M =66228 Add 18%Gst =11921 **₹78149**	Door Portion, Partitions Etc Not Deducted
13	Panelling As Per Drawing(sl No. 34)	8.429sq.M	3sq.M	-5.429sq.M @4603/ Sq.M =24990 Add 18%Gst 4498 **: ₹29488**	Short

അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്വേഷൻ റിപ്പോർട്ടിൽ ഓരോ ഇനത്തിനും നല്കേണ്ട നിരക്ക് ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ യഥാർത്ഥ നഷ്ടം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല (ഡോർ ക്ലോസർ വിലയും വാതിലുകളുടെ അളവുകളുടെ വ്യത്യാസം കാരണം വരുന്ന അധിക ചെലവും പാർട്ടീഷൻ വാളിൽ ജനാലകളിൽ ചില്ല് സ്ഥാപിച്ചതിൽ വരുന്ന റേറ്റ് വ്യത്യാസവും, (സാധാരണ ഗ്ലാസാണ് ഘടിപ്പിച്ചിട്ടുള്ളത് എന്നതിനാൽ വുഡ് & ഗ്ലാസ് പാർട്ടീഷന്റെ നിരക്ക് നല്കേണ്ടതില്ല) കാരണം പ്രസ്തുത ഇനങ്ങളിൽ യഥാർത്ഥ നഷ്ടം തിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടില്ല). മേൽക്കാരണങ്ങളാൽ നഷ്ടം നിജപ്പെടുത്തിയ ക്രമനമ്പർ 5, 7, 11, 8, 13 ഇവയിൽ അധികം നല്കിയ 112270 രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. സ്പെസിഫിക്കേഷനിൽ വ്യത്യാസം വന്നതിനാൽ യഥാർത്ഥ നഷ്ടം തിട്ടപ്പെടുത്താൻ കഴിയാത്ത ക്രമനമ്പർ 10, 12 ഇവയ്ക്ക വേണ്ടി ചെലവഴിച്ച 103366 രൂപയുടെ [(50634+36964)+18% GST] ചെലവ് തടസപ്പെടുത്തുന്നു.

ജിപ്സം സീലിംഗ്

39.51 ചതുരശ്ര മീറ്റർ ജിപ്സം ബോർഡ് സ്ഥാപിച്ചതായും 42.755 ചതുരശ്ര മീറ്റർ അളവിൽ പുട്ടി ഇട്ടതായും വാല്വേഷൻ നല്കിയിട്ടുണ്ട്. എന്നാൽ ഏത് തരം ജിപ്സം ബോർഡ് ആണ് സ്ഥാപിച്ചതെന്നോ എത്ര അളവിൽ സ്ഥാപിച്ചിട്ടുണ്ടെന്നോ റബ്കോയുടെ ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല. റബ്കോയ്ക്ക് പ്രസ്തുത പ്രവൃത്തി നടത്തുന്നതിന് റേറ്റ് കോൺടാക്ട് ഇല്ലാത്തതിനാലും എസ്റ്റിമേറ്റ്, ഡ്രോയിംഗ് തുടങ്ങിയവ ഹാജരാക്കിയിട്ടില്ലാത്തതിനാലും ജിപ്സം സീലിംഗ് സ്ഥാപിക്കുന്നതിനായി ചെലവഴിച്ച 69678 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

ഫർണ്ണിച്ചർ ഒഴികെയുള്ള ഇനങ്ങളുടെ (As Per Drawing എന്ന് രേഖപ്പെടുത്തിയ ഇനങ്ങൾ) ഡ്രോയിംഗ് ഡാറ്റ എന്നിവ ഹാജരാക്കേണ്ടതും അധികം നല്കിയ തുക തിരിച്ചു പിടിക്കേണ്ടതുമാണ്.

മേൽക്കാരണങ്ങളാൽ ആകെ 112270 രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല, 173044 (103366 + 69678) രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2023-24	10.12.2024,12.12.2024	നം.കെ.എസ്.എ./കെ.എൻ.ആർ./സി. 13/1887/2024, തീയതി : 23.12.2024

4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

തുക നല്കിയ സ്ഥാപനം	തൻ വർഷം ലഭിച്ച തുക	പ്രൊജക്ട് നമ്പർ,പേര്	ചെലവ്	നീക്കിയിരിപ്പ്
തളിപ്പറമ്പ ബ്ലോക്ക്പഞ്ചായത്ത്	12,00,000	76/24,നെൽകൃഷി വികസനപദ്ധതി	12,00,000	0
	2,00,000	189/24, അതിദരിദ്രരുടെ ഭവനം പുനരുദ്ധരിക്കൽ	2,00,000	0
	2,50,000	98/24,ഗാർഹിക റിംഗ് കമ്പോസ്റ്റ് യൂനിറ്റ് വിതരണം	2,50,000	0
	4,40,000	103/24,ലൈഫ് ഭവന പദ്ധതി, എസ് സി	4,40,000	0
	4,00,000	191/24,ലൈഫ് ഭവന പദ്ധതി -ജനറൽ	4,00,000	0
	7,53,750	4/24,ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, ബത്ത നൽകൽ	7,57,750	0
	10,00,000	199/24,മേനച്ചൂർ കുളം നവീകരണം	10,00,000	0
	60,000	277/24,ഉന്നത പഠനത്തിന് എസ് ടി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	60,000	0
	2,20,000	156/24,ഉന്നത പഠനത്തിന് എസ് സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	2,20,000	0
ആകെ	**₹45,23,750**		**₹45,23,750**	
കണ്ണൂർ ജില്ലാ പഞ്ചായത്ത്	1,56,190	229/24,നെൽകൃഷിവികസന പദ്ധതി	1,56,190	0
	8,56,880	96/24,നെൽകൃഷിവികസന പദ്ധതി	8,56,880	0
	8,80,000	73/24,ലൈഫ് ഭവന പദ്ധതി,ജനറൽ	8,80,000	0
	2,00,000	4/24,ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് , ബത്ത നല്കൽ	2,00,000	0
ആകെ	**₹20,93,070**		**₹20,93,070**	

സംയുക്ത പദ്ധതികൾക്കായി ജില്ലാ,ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും മറ്റ തദ്ദേശസ്ഥാപനങ്ങളിൽ നിന്നും ലഭിച്ച ഫണ്ടിൽ ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ പ്രകാരം അവശേഷിക്കുന്ന തുക സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് വിനിയോഗിക്കുകയോ തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്.

2022-23 സാമ്പത്തിക വർഷത്തെ നഗരസഞ്ചയ വിഹിതമായി അനുവദിച്ച തുക താഴെ പറയും പ്രകാരം ചെലവഴിച്ചിട്ടുണ്ട്

1. മേനച്ചൂർ കുളം നവീകരണം, ₹24,30,883 (പ്രോജക്ട് നമ്പർ 221/24)
2. എം സി എഫ് ൽ ബെയ്ലിംഗ് മെഷീൻ സ്ഥാപിക്കൽ, ₹438960 (പ്രോജക്ട് നമ്പർ 178/24)

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല

4-5 വായ്പ/വായ്പാ തിരിച്ചടവ്

2023-24 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന് വായ്പയിനത്തിൽ 3540000രൂപ വരവുണ്ട്. തൻവർഷം തിരിച്ചടച്ച വായ്പയുടെയും തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വായ്പയുടെ പേര്, ഉദ്ദേശ്യം	വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന	തൻ വർഷം ലഭിച്ച തുക	ആകെ വായ്പ തുക	ഓഡിറ്റ് വർഷം തിരി	വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള വായ്പ

	തുക			ച്ചടച്ച വായ്പ	തുക
ഹഡ്കോ ലോൺ, ലൈഫ് ഭവനനിർമ്മാണ പദ്ധതി	3,23,679 (*)	35,40,000	38,63,679	15,44,569	23,19,110

(*) (1589940 + 278308 – 1544569 = 323679)

തിരിച്ചടക്കാൻ അവശേഷിക്കുന്ന ലോൺ ആയി ബി 5 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുക 35,85,371 രൂപയാണ്. 2022-23 ൽ വന്ന 12,66,261 രൂപയുടെ വ്യത്യാസം 2024-25 സാമ്പത്തിക വർഷം ജേണൽ എൻട്രി മുഖേന ക്രമീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.ലോൺ രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതും പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്.

(വിശദാംശങ്ങൾ ഖണ്ഡിക 1-1-13 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്).

4-6 സ്ഥിര നിക്ഷേപം

ഗ്രാമപഞ്ചായത്തിന്റെ പേരിൽ സ്ഥിരനിക്ഷേപങ്ങൾ ഇല്ല. ഗ്രാമപഞ്ചായത്തിന്റെ പേരിലുള്ള 20000രൂപ മൂല്യമുള്ള ഷെയർ സർട്ടിഫിക്കറ്റുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വർഷാരംഭത്തിൽ ഉണ്ടായിരുന്ന ഷെയറുകൾ	20000
തൻവർഷം നിക്ഷേപിച്ച തുക	0
ആകെ	20000
തന്നാണ്ടിൽ പിൻവലിച്ച തുക	0
വർഷാവസാനം അവശേഷിക്കുന്ന ഷെയറുകൾ	20000

വർഷാവസാനം അവശേഷിക്കുന്ന ഷെയറുകളുടെ വിവരം താഴെ കൊടുക്കുന്നു.

നിക്ഷേപത്തിന്റെ വിവരം	തുക
മലബാർ ടൂറിസം ഡവലപ്പ് മെന്റ് കോപ്പറേറ്റീവ് സൊസൈറ്റിയുടെ രണ്ട് ബി ക്ലാസ് ഷെയറുകൾ- മെമ്പർ നമ്പർ 60, സർട്ടിഫിക്കറ്റ് നമ്പർ 212 തീയതി 28-12-2004	₹20,000

4-7 ഓഡിറ്റ് റിക്കവറി

2023-24 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന് ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച 3700 രൂപയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേര്/ ഉദ്യോഗപ്പേര്	രശീത് നമ്പർ,തിയ്യതി
2022-23	1-16	1950	തളിപ്പറമ്പ് ആർട്സ് & സയൻസ് കോളേജ്	1230104802/23.11.23
2022-23	1-17(3)	500	ശ്രീ.ഷബീർ ഫക്രുദ്ദീൻ	1230105651/20.12.23
2020-21	1-12-1 ക്രമനമ്പർ 8	1250	സെക്രട്ടറി, ഇരിങ്ങൽ ക്ഷീരോൽപ്പാദക സഹകരണ സംഘം	1230101864/03.07.2023
		₹3700		

ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ പൂർണ്ണമല്ല. വാർഷിക ധനകാര്യ പത്രികയിൽ നിന്നും ലഭ്യമായ വിവരങ്ങളാണ് ചേർത്തത്.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക	ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക നമ്പർ	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2010-11	2-14	2007-08	3-2	ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിലെ കാലതാമസം	നിയമസഭാസമിതിയുടെ പരിഗണനയിൽ
2016-17	1	2014-15	2-1	വസ്തുനികുതി	നിയമസഭാസമിതിയുടെ പരിഗണനയിൽ
2016-17	2	2014-15	2-2	തൊഴിൽ നികുതി	നിയമസഭാസമിതിയുടെ പരിഗണനയിൽ

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	₹10,37,20,246
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	₹10,67,47,294
വരവിനങ്ങളിലുള്ള നഷ്ടം	₹5700
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	₹1,12,270
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	₹17,42,770

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേര്
	ചാർജ് ചെയ്യാവുന്നത്	സർചാർജ് ചെയ്യാവുന്നത്	
2-1(1-15)	₹5,700		ശ്രീ.എം.വി.ചന്ദ്രൻ,സെക്രട്ടറി
1-19(3-1)		₹1,12,270	ശ്രീ.എം.വി.ചന്ദ്രൻ,സെക്രട്ടറി
ആകെ	₹5,700	₹1,12,270	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-19	173044	ശ്രീ.എം.വി.ചന്ദ്രൻ, സെക്രട്ടറി
1-20	109271	ശ്രീ.എം.വി.ചന്ദ്രൻ, സെക്രട്ടറി

1-21	50000	ശ്രീ.എം.വി.ചന്ദ്രൻ, സെക്രട്ടറി
1-22	220000	ശ്രീ.എം.വി.ചന്ദ്രൻ, സെക്രട്ടറി
1-25	44500	ഡോ:രമ്യ.കെ.എൻ, മെഡിക്കൽ ഓഫീസർ, പി എച്ച് സി,പരിയാരം.
1-26	144828	ഡോ:രമ്യ.കെ.എൻ, മെഡിക്കൽ ഓഫീസർ, പി എച്ച് സി,പരിയാരം
1-27	663730	ഡോ:രമ്യ.കെ.എൻ, മെഡിക്കൽ ഓഫീസർ, പി എച്ച് സി,പരിയാരം
1-28	240585	ഡോ:രമ്യ.കെ.എൻ, മെഡിക്കൽ ഓഫീസർ, പി എച്ച് സി,പരിയാരം
1-30	76822	ഡോ:രമ്യ.കെ.എൻ, മെഡിക്കൽ ഓഫീസർ, പി എച്ച് സി,പരിയാരം
1-31	19990	ഡോ:രമ്യ.കെ.എൻ, മെഡിക്കൽ ഓഫീസർ, പി എച്ച് സി,പരിയാരം
ആകെ	₹1742770	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക നമ്പർ 1-19

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ.എം.വി.ചന്ദ്രൻ, സെക്രട്ടറി	സെക്രട്ടറി, പരിയാരം ഗ്രാമപഞ്ചായത്ത്.	ശ്രീ മന്ദിരം, മണ്ടൂർ (പി.ഒ), കണ്ണൂർ ജില്ല-670501
ഡോ:രമ്യ.കെ.എൻ, മെഡിക്കൽ ഓഫീസർ, പി എച്ച് സി,പരിയാരം.	മെഡിക്കൽ ഓഫീസർ, പി എച്ച് സി,പരിയാരം.	സൗപർണ്ണിക, കപാലിക്കുളങ്ങര, തളിപ്പറമ്പ, കണ്ണൂർ ജില്ല.

(എഫ്) ഓഡിറ്റ് എൻക്വയറികളുടെ അടിസ്ഥാനത്തിൽ തിരിച്ചടച്ച തുകകളുടെ വിവരം.

എൻക്വയറി നമ്പർ / തീയതി	വിഷയം	അടവാക്കിയ തുക	രസീത് നം.തീയതി,അടവാക്കിയ വ്യക്തിയുടെ പേര്
18/13.12.24	വാടകയോടൊപ്പം ജി എസ്.ടി. ഈടാക്കാത്തത്	1350	1240104599/17.12.2024

12/11.12.24	അംഗണവാടി പോഷകാഹാരവിതരണം-ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് അധികം നല്കിയത്	1471	1240104569/13.12.24
24/15.12.24	വസ്തുനികുതി കണക്കാക്കിയതിൽ കുറവു വന്നത്	6705	1240104610/17.12.24 ₹1290 1240104611/17.12.24 ₹1290 1240104612/17.12.24 ₹1290 1240104613/17.12.24 ₹1290 1240104614/17.12.24 ₹1290 1240104615/17.12.24 ₹ 255
ആകെ		₹9526	

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1997-98	KSA/KNR/സി.3/ 1402/2022 തീയതി: 11.10.2022	5
1998-99	KSA/KNR/സി.3/ 1402/2022 തീയതി: 11.10.2022	3
2003-04	KSA/KNR/സി.3/ 1402/2022 തീയതി: 11.10.2022	2
2007-08	KSA/KNR/സി.3/ 1402/2022 തീയതി: 11.10.2022	1
2008-09	KSA/KNR/സി.3/ 1402/2022 തീയതി: 11.10.2022	4
2009-10	KSA/KNR/സി.3/ 1402/2022 തീയതി: 11.10.2022	3
2010-11	KSA/KNR/സി.3/ 1402/2022 തീയതി: 11.10.2022	5
2013-14,14-15	KSA/KNR/സി.3/ 1402/2022 തീയതി: 11.10.2022	5

2015-16	KSA/KNR/സി.3/ 1402/2022 തീയതിഃ 11.10.2022	2
2016-17	KSA/KNR/സി.3/ 1402/2022 തീയതിഃ 11.10.2022	5
2017-18	KSA/KNR/സി.3/ 1402/2022 തീയതിഃ 11.10.2022	1
2018-19	KSA/KNR/സി.3/ 1402/2022 തീയതിഃ 11.10.2022	7
2019-20	KSA/KNR/സി.3/ 1036/2021 തീയതിഃ 26.05.2022	28
2020-21	KSA/KNR/സി.3/ 1217/2022 തീയതിഃ 31.03.2023	38
2021-22	KSA/KNR/സി.3/ 984/23 തീയതിഃ 05.10.2023	18
2022-23	KSA/KNR/സി3/168/2024 തീയതി 14.02.2024	40

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

Annexure 1
Audit Certificate

i. I have audited the attached Financial statements approved vide resolution number 168/2024 dated 10-07-2024 and submitted on 19-07-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the Pariyaram Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Pariyaram Grama Panchayat as on 31-03-2024

Date:

Deputy Director
District Office Kannur
Kerala State Audit Department

Audit Report appended to the Audit Certificate of Pariyaram Grama Panchayat for the Year 2023-2024 .

1.Major Observations

-

2.Other Observations

1.Mandatory financial statements such as Ratios, B1 Schedule prescribed in 2011 kerala panchayat raj accounting rules not submitted for audit.

2.Cash Flow statement -Net increase/decrease in cash flow does not match with difference between opening balance

and closing balance of cash and cash equivalents.

3.Asset register is not updated.So asset values and depreciation calculated based on the asset values are incorrect.

4.Appropriation control register to watch utilisation of funds received from various agencies has not been maintained.

5.Utilized Grant remain as liability.So the amount shown as liability in Balance sheet does not match with Bank account opened for the specified grant account

6.Capital contribution entries has not been made

7.Calculation mistakes in Income and Expenditure Statement

8.Lapses in making timely and accurate demand entries in respect of tax and non tax revenue

9.Time barred amount under the head of account liability in respect of stale cheques has not been transferred to own fund.

10.No supporting documents related to journal entries to Prior period items

11.Amount returned for various reason towards EPOC clearance during previous years has not been transferred to the accounts of actual beneficiaries.

12.Balance of loan amount shown in in Annual Financial Statement mismatch with the actual liability .Loan register is incomplete.

13.Expenditure under Maintanance grant roads as per Appropriation Control Register and AFS do not match

14.Advance register and Deposit register related to the audit year has not been maintained.

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം 3

ധനകാര്യ പത്രികകൾ

1.റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

Pariyaram Grama Panchayat
RECEIPT & PAYMENT STATEMENT

For the period from 01-April-2023 to 31-March-2024

Code.No	Description of Items	Schedule No	Amount
	RECEIPTS		
	Opening Balance		
Bank	Bank	RP-40(a)	38579523.00
Cash	Cash	RP-40(a)	150897.00
	Operating		
110000000	Tax Revenue	RP-1	1846466.00
140000000	Fees & User Charges	RP-4	9751948.00
150000000	Sale & Hire Charges	RP-5	152896.00
160000000	Revenue Grants, Funds, Contributions & Compensations	RP-7	15111900.00
171000000	Interest Earned	RP-9	876741.00
190000000	Prior Period Income	RP-11	307432.00
311000000	Earmarked Funds	RP-28	484.00
320000000	Grants, Funds & Contributions for Specific Purposes	RP-30	28556858.00
431000000	Sundry Debtors (Receivables)	RP-45	42266084.00
	Non Operating		
180000000	Other Income	RP-10	14592.00
330000000	Secured Loans	RP-31	3540000.00

340000000	Deposits Received	RP-33	10000.00
350000000	Other Liabilities	RP-35	1284845.00
	Grand total		**142450666.00**
	PAYMENTS		
	Operating		
220000000	Administrative Expenses	RP-13	114095.00
320000000	Grants, Funds & Contributions for Specific Purposes	RP-30	534016.00
431000000	Sundry Debtors (Receivables)	RP-45	40160676.00
460000000	Loans, Advances and Deposits	RP-49	1559411.00
	Non Operating		
340000000	Deposits Received	RP-33	16947.00
350000000	Other Liabilities	RP-35	64362149.00
	Closing Balance		
Bank	Bank	RP-40(b)	35621926.00
Cash	Cash	RP-40(b)	81446.00
	Grand Total		**142450666.00**

2.ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

Pariyaram Grama Panchayat INCOME & EXPENDITURE STATEMENT			
For the period from 01-April-2023 to 31-March-2024			
Code.No	Description of Items	Schedule No	Amount
	INCOME		
110000000	Tax Revenue	I-1	14242676.00
120000000	Assigned Revenues, Shared Taxes and Compensations (BLOCKED)	I-2	0.0

130000000	Rental Income from Panchayat / Municipal Properties	I-3	180000.00
140000000	Fee & User Charges	I-4	10391456.00
150000000	Sale & Hire Charges	I-5	240353.00
160000000	Revenue Grants, Funds, Contributions & Compensations / Subsidies	I-6	180046507.00
170000000	Income from Investments	I-7	0.0
171000000	Interest Earned	I-8	876741.00
180000000	Other Income	I-9	361600.00
	Total Income		**20,63,39,333.00**
	EXPENDITURE		
210000000	Establishment Expenses	I-10	14110249.00
220000000	Administrative Expenses	I-11	1560130.00
230000000	Operations & Maintenance	I-12	1107139.00
240000000	Interest & Finance Charges	I-13	186.00
250000000	Decentralised Plan Programme-Productive Sector / Programme Expenses	I-14	11393270.00
251000000	Decentralised Plan Programme-Service Sector	I-14(A)	45976931.00
252000000	Decentralised Plan Programme-Infrastructure Sector	I-14(B)	2453477.00
253000000	Decentralised Plan Programme-Projects not included in Sector Division	I-14(C)	33766012.00
254000000	Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme)	I-14(D)	61706700.00
255000000	Maintenance Projects	I-14(E)	0.0
256000000	Other Revenue Grants and Funds - Revenue Expenses	I-14(F)	2005988.00

260000000	Grants, Contributions & Compensation from Own Fund / Subsidies	I-15	0.0
270000000	Provisions and Write off	I-16	53261.00
271000000	Miscellaneous Expenses on Disposal of Assets and Investments	I-17	0.0
272000000	Depreciation	I-17(A)	18087646.00
	Total Expenditure		**19,22,20,989.00**
	Gross Surplus / Deficit of income over Expenditure before prior period items		**14118344.00**
190000000	Prior Period Income	I-19	1133291.00
290000000	Prior Period expenses	I-18	-983718.00
	Net difference	I-19-I-18	2117009
	Gross Surplus / Deficit of income over Expenditure after prior period items		**16235353**
	Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)		**1,62,35,353**

3.ബാലൻസ് ഷീറ്റ്

Pariyaram Grama Panchayat **BALANCE SHEET**			
As on 31-March-2024			
Code.No	Description of Items	Schedule No	Amount
	LIABILITIES		
	Reserve & Surplus		
310000000	Panchayat / Municipal Fund	B-1	35944461.00
311000000	Earmarked Funds - Special Funds/Sinking Fund/Trust or Agency Fund	B-2	16531.00
312000000	Reserves	B-3	105098098.00

	Total Reserve & Surplus		**141059090.00**
	Grants, Contributions for Specific Purposes		
320000000	Grants, Funds & Contribution for Specific Purposes	B-4	20298917.00
	Total Grants, Contributions for Specific Purposes		**20298917.00**
	Loans		
330000000	Secured Loans	B-5	3585371.00
331000000	Unsecured Loans	B-6	0.0
	Total Loans		**3585371.00**
	Current Liabilities & Provisions		
340000000	Deposits Received	B-7	659433.00
341000000	Deposits Works	B-8	0.0
350000000	Other Liabilities	B-9	3358486.00
360000000	Provisions	B-10	0.0
	Total Current Liabilities and Provisions		**40,17,919.00**
	TOTAL LIABILITIES		**16,89,61,297.00**
	ASSETS		
	Fixed Assets		
410000000	Fixed Assets	B-11	386034.00
412000000	Capital Work in Progress	B-11(b)	0.0
413000000	Annual Plan - Capital Expences (Productive Sector)	B11-(c)	8279279.00
414000000	Annual Plan - Capital Expences (Service Sector)	B11-(d)	6343118.00
415000000	Annual Plan - Capital Expences (Infrastructure Sector)	B11-(e)	248155452.00
416000000	Accumulated Depreciation	B-11(a)	-171616397.00

	Total Fixed Assets		**9,15,47,486.00**
	Investments		
420000000	Investments-General Fund	B-12	20000.00
421000000	Investments - Other Funds / Sundry Debtors	B-13	0.0
	Total Investments		**20000.00**
	Current Assets, Loans and Advances		
430000000	Stock-in-hand	B-14	0.0
431000000	Sundry Debtors (Receivables)	B-15	39950393.00
432000000	Accumulated Provisions Against Debtors (Receivables)	B-15(a)	0.0
440000000	Pre-paid Expenses	B-16	0.0
450000000	Cash and Bank Balance	B-17	35703372.00
460000000	Loans, Advances and Deposits	B-18	1740046.00
461000000	Accumulated Provisions against Loans,Advances and Deposits	B-18(a)	0.0
	Total Current Assets, Loans and Advances		**7,73,93,811.00**
	Other Assets		
470000000	Other Assets	B-19	0.0
	Total Other Assets		**0.0**
	Miscellaneous Expenditure (To the Extent not written off)		
480000000	Miscellaneous Expenditure to be written off	B-20	0.0
	Total Miscellaneous Expenditure (To the Extent not written off)		**0.0**
	TOTAL ASSETS		**16,89,61,297.00**

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ